**KOTTAYAM PUBLIC LIBRARY**

Call No. MA 6 Acc.No. 12041

Author: നായർ ശം.ക

Title: ശ്രീ മണികണ്ഠ വിജയം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

No. 12041
THE KOTTAYAM PUBLIC LIBRARY. KOTTAYAM.

# മണികണ്ഠ വിജയം

(ഓട്ടൻ തുള്ളൽ)

NATIONAL B... BR...
SPC... LIB...

(Malayalam)

# SREE MANIKANDHA VIJAYAM
(OTTAN TULLAL)

By Dr. S. K. NAYAR.

First Published August 1963

Copies 1000

Printed at :
The Oriental Printing & Publishing House, Punalur, Kerala.

MAG

Price Rs. 1/25

Copy right :
Vidwan C. L. Meenakshi Amma,
Lexmi Nilayam,
11. East Circular Road,
Mandavellippakkam,
Madras-28.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# മുഖവുര.

ഈ ഏപ്രിൽ 30-ാംനു- ഗുരുവായൂർ ശ്രീ. ശേഖരൻെറ ഓട്ടൻ തുള്ളൽ എൻെറ വീട്ടിൽവച്ചു നടത്തി. മലയാളികളല്ലാത്ത പലരും അന്നവിടെ തുള്ളൽ കാണാൻ വന്നിരുന്നു. തമിഴ്നാട്ടിലെ പ്രശസ്ത നടന്മാരും നടികളും മാത്രമല്ലാ, പാശ്ചാത്യരിൽ ചിലരും ഈ "തനി മലയാളത്തുള്ളൽ" കണ്ടു് അത്ഭുതപരതന്ത്രരായി. തമിഴ്നാട്ടിലുള്ള തെരുക്കൂത്തിൻെറ ഒരു വകഭേദമാണ് നമ്മുടെ ഈ ഓട്ടൻതുള്ളലെന്നു് അവരിൽപ്പലരും ആദ്യം കരുതി. ശേഖരൻെറ അഭിനയപാടവം കണ്ടപ്പോറം ആ അഭിപ്രായം പാടേ മാറി. കുഞ്ചൻെറ 'ചാരുകേരളഭാഷ'യുടെ വശ്യശക്തി തമിഴ്പണ്ഡിതന്മാരെ പുളകം കൊള്ളിച്ചതോടെ, സംസ്കൃത ഭാഷാപണ്ഡിതനായ ഒരു ശാസ്ത്രികറക്കു് ഇരിക്കപ്പൊറുതിയില്ലാതെ വന്നു. ഇംഗ്ലീഷുമാത്രം അറിയാവുന്ന ഒരു സായ്പിന്നു കഥാസൂചന കിട്ടിയതോടെ ബാക്കിയെല്ലാം അത്യന്ത ഹൃദ്യമായിത്തോന്നി. വീണ്ടും മററാരിടത്തുവെച്ചു് തുള്ളൽ നടത്തിയപ്പോറം ഒരു വൃദ്ധനായ ഡോക്ടർ ആവേശപൂർവ്വം അരങ്ങത്തു കയറിപ്പറഞ്ഞു: "നമ്മുടെ ഈ തമിഴ്നാട്ടിലെ പെൺകുട്ടികളെ ഇനി ഭരതനാട്യം പഠിപ്പിക്കരുതു്. ഭരതനാട്യം കണ്ടുകണ്ടു് മടുത്ത നമുക്കു് ഈ കലാപ്രകടനം എത്രകണ്ടു് ഉദാരവും ഉജ്ജ്വലവുമായി ത്തോന്നുന്നു. ഇനി നമുക്കു് തമിഴിലും തുള്ളലുണ്ടാക്കി നമ്മുടെ കുട്ടികളെ പഠിപ്പിക്കണം."

ഇത്രമാത്രം വശീകരണശക്തി ഓട്ടൻതുള്ളലിനുണ്ടെന്നു് ഒരു പക്ഷേ ഒരൊററ മലയാളിക്കും തോന്നിയിരിക്കയില്ല. നമ്പ്യാരുടെ ഈ "മഞ്ജുള നർത്തനകാവ്യവിധാനം" പണ്ഡിതപാമരന്മാരുടെ ഉച്ചനീചത്വങ്ങളെ മാത്രമല്ലാ, ദേശകാലഭാഷകളുടെ അതിർത്തിവരമ്പുകളേയും ഉല്ലംഘിക്കുന്നു എന്നതു ഇങ്ങനെ അനുഭവസിദ്ധമായി.

ഒരനുഗൃഹീതകലാകാരനായ ഗുരുവായൂർ ശേഖരൻ മദിരാശി യിൽനിന്നു് യാത്രചോദിച്ചു പിരിഞ്ഞപ്പോൾ എന്നോടു പറഞ്ഞു "ഏഴുകൊല്ലമായി തുടർച്ചയായി ഞാൻ ശബരിമലയ്ക്കു പോകുന്നു. സ്വാമിമാർ എല്ലാക്കൊല്ലവും എന്നോട് അയ്യപ്പനെപ്പററി ഒരോ ട്ടൻതുള്ളൽ നടത്തിക്കാണണമെന്നു പറയാറുണ്ട്. എനിക്കു് ഇതു വരെ അതിനു കഴിഞ്ഞിട്ടില്ല. അയ്യപ്പൻചരിത്രം ഒരു തുള്ളലായി ഡോക്ടരെഴുതിയാൽ ഞാനതു സന്നിധാനംവരെ എത്തിക്കാം—ഒരു വഴിപാടായി."

ശേഖരനു് എൻെറ കഴിവിനെപ്പററി ഒരു ബോധവുമില്ലെന്നു് അപ്പോഴാണു് എനിക്കു മനസ്സിലായതു്. വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരാവുമോ? നാലഞ്ചക്ഷരം പഠിച്ചെന്നുകരുതി കവി യാകുമോ? ഒരു മഹാകാവ്യം വേണമെങ്കിൽ പടച്ചുണ്ടാക്കാം. തുള്ള ലെഴുതുകയോ? നമ്പ്യാരാശാനു ശേഷം എത്ര തുള്ളലുകൾ ഭാഷയിലു ണ്ടായി? ഒരെണ്ണമെങ്കിലും ഇന്നു് ഒരു കൈവിരൽത്തുമ്പെങ്കിലും ചലിപ്പിക്കുന്നുണ്ടോ?

ശേഖരൻെറ അപേക്ഷ ഒരു മച്ചിപ്പെണ്ണാണെന്നുള്ളതിൽ സംശയമില്ല!

ഉത്രം നക്ഷത്രവും ശനിയാഴ്ചയും ചേർന്നുവന്ന ഒരു ദിവസ മാണു് (1963 മേയ് 4-ാംനു) ശേഖരൻ ഈ ആഗ്രഹം എന്നെ അറിയിച്ചതെന്നു് ആ സമയത്തു് ഓർത്തില്ലെങ്കിലും, അന്നുതന്നെ ഏതാണ്ടു മുന്നൂറുവരി എഴുതിക്കഴിഞ്ഞതിൻെറ ശേഷം ഓർക്കേണ്ടി വന്നു. എൻെറ ഒരുത്തമസുഹൃത്തും സഹൃദയരത്നവും സർവ്വോപരി ഒരു മഹാധനാഢ്യനുമായ ബ്രഹ്മശ്രീ എസ്. കൃഷ്ണയ്യരുടെ (എൻജി നീയർ) ജന്മദിനമായിരുന്നു അന്നു്. രാത്രി അദ്ദേഹത്തിൻെറ ഭവ നത്തിൽ സദ്യയ്ക്കു ചെന്നപ്പോഴാണു് ഈ നക്ഷത്രവാരങ്ങളുടെ സമ്മേളനത്തെപ്പററി അറിവായതു്. അയ്യപ്പൻെറയും അയ്യരവർക ളുടെയും ജന്മദിനം അങ്ങനെ ഒത്തുവന്നു. അന്നുതന്നെ ഈ കൃതി എഴുതാനിടവന്നതും ഓർത്തപ്പോൾ എല്ലാം ഒരു കാകതാളീയമായി

ത്തോന്നി. എഴുതിയിടത്തോളം കൃഷ്ണയ്യരെ വായിച്ചുകേൾപ്പിച്ചു. അദ്ദേഹത്തിന്നു അതിൽ എന്തെന്നില്ലാത്ത കൗതുകമുണ്ടായി. ഈ കൃതി അദ്ദേഹത്തിന്നുതന്നെ സമർപ്പിക്കാമെന്നും നിശ്ചയിച്ചു. ഇതാണു് ഇതിൻെറ ഉൽപത്തികഥ.

മണികണ്ഠവിജയത്തിൻെറ രചനയിൽ ഞാൻ ചില സ്വാതന്ത്ര്യങ്ങൾ കാണിച്ചിട്ടുണ്ടു്. അവ ഒന്നാകെ അനാസ്പദമോ അനധികൃതമോ എന്നു പറകവയ്യ. മൂന്നുകൊല്ലംമുമ്പ് എൻെറ "അയ്യപ്പൻ" എന്ന ചരിത്രാഖ്യായിക പ്രസിദ്ധീകരിച്ചപ്പോൾ പലരും അതിനെ മുക്തകണ്ഠം പ്രശംസിച്ചെങ്കിലും ഒരയ്യപ്പഭക്തൻ (?) ആ പുസ്തകം എരുമേലിയിലോ പമ്പയിലോവെച്ച് ഭക്തന്മാരുടെ മുമ്പിൽ 'തീ' യിട്ട് എരിക്കുമെന്നു് ഭീഷണിപ്പെടുത്തുകയുണ്ടായി. ഇക്കഥ ഞാൻ പറഞ്ഞുകേട്ടതാണു്. ഇതു നേരാണെങ്കിൽ ഞാൻ ആ 'ഭക്ത'നോടു് കൃതജ്ഞനാണു്. എൻെറ കൃതി കൊള്ളേണ്ടിടത്തു ചെന്നു കൊണ്ടെന്ന ചാരിതാർത്ഥ്യം എനിക്കപ്പോളുണ്ടായി. ശബരിമല അയ്യപ്പൻ ഹരിഹരസുതനും പന്തളത്തു രാജാവിൻെറ വളത്തുപുത്രനും മഹിഷീമർദ്ദകനും വാവരെന്ന മുസൽമാൻെറ സുഹൃത്തും ആണെന്നു് ഒരേ ശ്വാസത്തിൽ വിശ്വസിക്കണമെങ്കിൽ ബുദ്ധിക്കു് ചില്ലറത്തകരാറൊന്നും പററിയാൽ പോരാ. ഐതിഹ്യങ്ങളിലെല്ലാം അവ കൈകാര്യം ചെയ്യുന്ന ജനത പുലർത്തിപ്പോന്നിട്ടുള്ള വിശ്വാസങ്ങളുടെ നേരിയ ചരിത്രരേഖ കാണുമെന്നു തീർച്ച. യുക്തികൊണ്ടു് ഗ്രഹിക്കാവുന്നിടത്തോളം ഗ്രഹിക്ക ; ശേഷം, അജ്ഞാതമെന്നോ അജ്ഞേയമെന്നോ പറഞ്ഞു തള്ളിക്കളയുക. ഈ നിലപാടാണു് 'അയ്യപ്പ'നെന്ന നോവലിലും 'മണികണ്ഠവിജയം' തുള്ളലിലും ഞാൻ ഏറെക്കുറെ കൈക്കൊണ്ടതു്.

നോവലും തുള്ളലും വിഭിന്നസാഹിത്യരൂപങ്ങളാണല്ലോ; അവയ്ക്കു് അവശ്യം ഉണ്ടായിരിക്കേണ്ടുന്ന വ്യത്യാസം കഥാഗതിയിലും പ്രതിപാദനത്തിലും വരുത്തിയിട്ടുണ്ടെന്നതു് ഒഴിച്ചാൽ ബാക്കി കാര്യങ്ങളിൽ എൻെറ അയ്യപ്പനും, മണികണ്ഠവിജയവും ഒത്തുപോകും.

കമ്പരാമായണവിവർത്തനത്തിൽമാത്രം രാപ്പകൽ നയിക്കുന്ന എനിക്ക് ഈ 'മണികണ്ഠവിജയം' തുള്ളലിൻെറ രചന ആനന്ദകരവും അത്യന്താപേക്ഷിതവുമായ ഒരു 'വ്യതിചലന'മായിരുന്നു. ഈ തുള്ളലിനു് എന്തെങ്കിലും മാഹാത്മ്യമുണ്ടെങ്കിൽ അതു കവിചക്രവർത്തിയായ കമ്പൻെറ കാവ്യത്തോടു് എനിക്കുണ്ടായ സാത്മ്യത്തിൽനിന്നു് പോന്നു വന്നതാവണം. കമ്പനും കുഞ്ചനും ഭാവനാവിലാസത്തിലും പ്രതിഭാസമ്പത്തിലും അപ്രതിമവും അകൃത്രിമവുമായ സാമ്യം പുലർത്തുന്നവരാണെന്നു എനിക്കു് പലപ്പോഴും തോന്നിയിട്ടുണ്ടു്.

കുഞ്ചൻെറ സാഹിത്യരൂപത്തെയല്ലാതെ ഭാവത്തെ അകന്നുനിന്നു കാണാൻപോലുമുള്ള 'സുകൃതം' എൻെറ ഈ കൃതിക്കു് ഉണ്ടായിട്ടില്ലെന്നതു് എഴുതിത്തീർത്തപ്പോഠം ബോദ്ധ്യപ്പെട്ടു.

കുഞ്ചൻ കുഞ്ചനാണു്; കുഞ്ചൻ മാത്രമാണു്. കുഞ്ചൻെറ തുള്ളലിനുസമാനം അതല്ലാതെ മറെറാന്നില്ല. മലയാളത്തിലെന്നല്ല, മറുനാട്ടുകളിലെങ്ങുമില്ലാ ഇതുപോലൊരു നൃത്തകാവ്യരൂപം; ഇതുപോലെ ജനകീയമായ ഒരു സാഹിത്യശാഖ.

ഈ കൃതിയുടെ രചനയിൽ പലരും എനിക്കു പലതരത്തിലുള്ള പ്രോത്സാഹനങ്ങളും സഹായങ്ങളും ചെയ്തിട്ടുണ്ടു്. എഴുതുന്ന ഭാഗങ്ങഠം അന്നന്നു് അപ്പോഴപ്പോഠം ഭംഗിയായി പാടിക്കേഠംപ്പിച്ചിരുന്നു, എൻെറ ശിഷ്യനായ ശ്രീ. അപ്പുക്കുട്ടൻ (എം. എ., എം. ലിററ്.) തുള്ളലിൻെറ വൈചിത്ര്യരഹസ്യത്തിലേയ്ക്കു് വിരൽചൂണ്ടിത്തന്നു ഡാൻസർ ശ്രീ. പി. കെ. ശിവശങ്കരൻ; പ്രസ്സ് കോപ്പി തയ്യാറാക്കി കടുങ്ങല്ലൂർ ശ്രീ. കുമാരപിള്ളയും ശ്രീ. കെ. എൻ. കൃഷ്ണശർമ്മയും. അവരോടുള്ള നന്ദി രേഖപ്പെടുത്തട്ടെ.

രണ്ടു ചിരകാലസുഹൃത്തുക്കളുടെ അകമ്പടിയോടുകൂടിയാണു ഞാൻ നടാടെയായി തുള്ളൽക്കളത്തിലിറങ്ങുന്നതു്. കലാരസികരും സാഹിത്യമർമ്മജ്ഞരുമാണു അവരിരുവരും—ശ്രീ. എം. കെ. കെ. നായരും എൻ. വി. കൃഷ്ണവാര്യരും—എന്നു് ഞാൻ പറയാതെ

തന്നെ പരക്കെ അറിയാമല്ലോ. മണികണ്ഠവിജയത്തിൻെറ കുററവും കുറവുകളും കാണാനുള്ള കണ്ണില്ലാത്തതുകൊണ്ടല്ലാ ആ സുഹൃത്തുകൾ എൻെറ ഈ കൃതിയെപ്പററി നല്ലവാക്കുകൾ പറഞ്ഞത്—എന്നോടവർക്കുള്ള നിസ്സീമസൗഹൃദം അവരെ അന്ധരാക്കിയിരിക്കും! ആ സ്നേഹാന്ധ്യത്തിൻെറ മുന്നിൽ എൻെറ കൂപ്പുകൈമൊട്ടുകൾ.

മണികണ്ഠവിജയം അരങ്ങേറിയതു മദിരാശിയിൽ വെച്ചാണ്. ഇന്ത്യയിലെ പ്രശസ്തനടീരത്നവും എൻെറ ശിഷ്യയെന്നു ഞാനഭിമാനിക്കുന്ന കലാകുശലയുമായ കുമാരി രാഗിണിയാണ് അരങ്ങേററത്തിനുവേണ്ടി എല്ലാ ഏർപ്പാടുകളും ചെയ്തതു്. അവരുടെ ഭവനത്തിൽ വച്ച് അനേകം നടീനടന്മാരുടെയും സഹൃദയന്മാരുടെയും സാന്നിദ്ധ്യത്തിൽ അരങ്ങേറാൻ കഴിഞ്ഞതു് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

ഇതിൻെറ പ്രസാധനത്തിലും പ്രസിദ്ധീകരണത്തിലും മുൻകയ്യെടുത്തു പ്രവർത്തിച്ച ശ്രീ. എം. സി. തങ്കപ്പൻ (പുനലൂർ) സൗഹൃദത്തിലും സഹൃദയത്വത്തിലും എന്നെ അസൂയാലുവാക്കിയ ഒരു വ്യക്തിയാണ്.

മദിരാശി,
1-9-'63.

ഡോക്ടർ എസ്സ്. കെ. നായർ.

# അവതാരിക.

കുഞ്ചൻനമ്പ്യാരുടെ കാലത്തോടുകൂടി തുള്ളൽ സാഹിത്യത്തിന്റെ വളർച്ചയും നിലച്ചുവെന്നാണു പൊതുവെയുള്ള വിശ്വാസം. സാധാരണയായി സാഹിത്യരംഗത്തിൽ പ്രതിഭാശാലിയായ ആരെങ്കിലും ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചുകഴിഞ്ഞാൽ അതു പിൽക്കാലത്തു അനേകംപേരെ ആകർഷിക്കുകയും അവരുടെ പ്രയത്നത്തിന്റെ ഫലമായി അതു പുഷ്ടിപ്പെടുകയും പതിവാണു്. അതിന്റെ ജനയിതാവിനു നൽകാൻ കഴിഞ്ഞതിൽ എത്രയോ ഉപരിയായ ഒരു നിലവാരത്തിൽ ആ പ്രസ്ഥാനം കുറെ തലമുറകൾ കഴിയുമ്പോൾ എത്തിച്ചേരുകയും ചെയ്യാറുണ്ടു്. കഥകളി, നോവൽ, നാടകം, മഹാകാവ്യം, സന്ദേശം, ചെറുകഥ, ഖണ്ഡകാവ്യം എന്നിവയുടെയെല്ലാം ചരിത്രം അങ്ങനെയാണു്. പക്ഷേ തുള്ളൽ മാത്രം കുഞ്ചൻനമ്പ്യാരുടെ കാലത്തോടുകൂടി ഏതാണ്ടു് അവസാനിക്കയാണ് ചെയ്തതു്. പണ്ഡിതന്മാരെയും പാമരന്മാരെയും ഒരുപോലെ രസിപ്പിച്ചു ചിരിപ്പിച്ചു അവശരാക്കാൻ കഴിവുള്ള ഈ സമ്പ്രദായത്തിനു അങ്ങനെ ഒരു സ്ഥിതി എന്തുകൊണ്ടു് ഉണ്ടായി? കുഞ്ചന്റെ കാലശേഷം മററു പല കവികളും തുള്ളലിൽ കൈവെച്ചിട്ടുണ്ടു്. അവരിൽ വെണ്മണിയെപ്പോലെയുള്ള ഉന്നതരായ കവികളും ഉൾപ്പെട്ടിരുന്നു. പക്ഷേ ആ കൃതികളൊന്നും ഇന്നു് എണ്ണപ്പെട്ട തുള്ളലുകളുടെ കൂട്ടത്തിൽ കാണുന്നുമില്ല. സാധാരണയായി കവികൾ തുള്ളൽക്കഥയെഴുത്തിൽനിന്നും കഴിയുന്നിടത്തോളം അകലെയാണു യാത്ര ചെയ്തിട്ടുള്ളതു്. കുഞ്ചൻനമ്പ്യാരുടെ കൃതികൾ വായിച്ചുകഴിഞ്ഞാൽ മറെറതൊരു തുള്ളലും നിഷ്പ്രഭമായി തോന്നുകയാലായിരിക്കാം പിൽക്കാലകവികൾ ആ നിരോധിക്കപ്പെട്ട കദളീവനത്തിൽ പ്രവേശിക്കാതിരുന്നതു്. മലയാളസാഹിത്യത്തിൽ

കുഞ്ചൻനമ്പ്യാരോളം പ്രതിഭാശാലിയായ ഒരു ഹാസ്യകവി പിൽക്കാലത്തു ഉണ്ടായിട്ടില്ലാ എന്നതിൽ തർക്കമില്ല. അദ്ദേഹം സൃഷ്ടിച്ച തുള്ളൽ പൊതുവെ ഒരു വിശിഷ്ടഹാസ്യസാഹിത്യമായി ജനങ്ങാം സ്വീകരിച്ചു കഴിഞ്ഞു.

ഹാസ്യഭാവന കെല്പില്ലാത്ത കൈകാം കൈകാര്യം ചെയ്താൽ എത്ര അരോചകമായിരിക്കുമെന്നു പറയേണ്ടല്ലോ. യശഃശരീരരായ സി. വി. രാമൻപിള്ള, സി. വി. കുഞ്ഞുരാമൻ, കേസരി, ഈ. വി., സഞ്ജയൻ മുതലായവർ അന്യാദൃശമായ ഹാസ്യസാഹിത്യം നമുക്കു നല്കിയിട്ടുണ്ട്. പക്ഷേ അവരെല്ലാം ഗദ്യകാരന്മാരായിരുന്നു. അവർ ചർച്ചചെയ്ത വിഷയങ്ങാം അവരുടെ ചുററുപാടുണ്ടായിരുന്നു. സാമുഹ്യവ്യവസ്ഥിതിയെ അടിസ്ഥാനമാക്കിയുള്ളവയായിരുന്നതിനാൽ അവയിൽ അധികവും ശാശ്വതമല്ല. അവർക്കാർക്കുംതന്നെ കുഞ്ചൻനമ്പ്യാർ ചെയ്തതുപോലെ ലോകത്തെയും ലോകരെയും വിഭാവനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ കുഞ്ചൻ അന്നും ഇന്നും അപ്രാപ്യമായ ഒരുന്നതസ്ഥാനത്തുതന്നെ നില്ക്കുകയാണ്.

മണികണ്ഠവിജയം തുള്ളൽരൂപത്തിൽ നിർമ്മിക്കുവാൻ ഒരുമ്പെട്ട ഡോക്ടർ എസ്. കെ. നായരെ ഈ പശ്ചാത്തലത്തിൽ അഭിനന്ദിക്കാതെ തരമില്ല. കേരളക്കരയിൽ ഉണ്ടായിരുന്ന സകല സംഭവങ്ങളും ഏതെങ്കിലും രൂപത്തിൽ തൻെറ കൃതികളിൽ ഉാംക്കൊള്ളിച്ചിട്ടുള്ള കുഞ്ചൻനമ്പ്യാർ അയ്യപ്പനെപ്പററിയോ മണ്ഡലവ്രതത്തെപ്പററിയോ ഒന്നും പറഞ്ഞുകാണുന്നില്ല. ഇന്നു കാണുന്നപോലുള്ള അയ്യപ്പഭക്തിയും മലയ്ക്കുപോക്കും അന്നുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും നമ്പ്യാർതന്നെ ഒരു മണികണ്ഠവിജയം രചിക്കുമായിരുന്നു. കുഞ്ചൻെറ കാലത്തു ശബരിമല അയ്യപ്പനു വലിയ പ്രചാരമൊന്നും ഇല്ലായിരുന്നുവെന്നു അനുമാനിക്കുന്നതിൽ വലിയ ഉർഘടമില്ല.

അയ്യപ്പൻെറ കഥ ഐതിഹ്യജടിലമാണ്. പലരും അവക്കു നേരെന്നു തോന്നിയ രീതിയിൽ അയ്യപ്പചരിതം കവിതയായും കഥയായും പറഞ്ഞിട്ടുണ്ട്. പക്ഷേ അവയെല്ലാം ഒന്നിനൊന്നു വ്യത്യ

സ്തമാണ്. ചില സാമാന്യവിവരങ്ങൾ പലതിലും ഒരുപോലെ പറഞ്ഞിട്ടുണ്ടെന്നതും വാസ്തവമാണ്. ഇപ്രകാരമുള്ള ഒരു ഐതിഹ്യകഥാ സംഭാരത്തിൽനിന്നും യുക്തിപൂർവ്വമായ ഒരു ഗ്രന്ഥം മൂന്നുവർഷത്തിനുമുമ്പ് ഡോക്ടർ എസ്. കെ. നായർ രചിക്കുകയുണ്ടായി. 'അയ്യപ്പൻ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ആ കൃതി ഇതിനകം വേണ്ടുവോളം പ്രചാരപ്പെട്ടിട്ടുണ്ട്. അതിൽ ഉൾക്കൊള്ളുന്ന കഥാഗതിയെ ആസ്പദമാക്കിയാണ് ഈ തുള്ളൽ രചിച്ചിട്ടുള്ളത്.

ലോകർക്കിഷ്ടപ്പെട്ട കഥയെന്ന നിലയിലും തുള്ളൽ സാഹിത്യത്തിനു ഒരു പ്രശംസനീയമായ മുതൽക്കൂട്ടെന്ന നിലയിലും ഈ കൃതി സഹൃദയർക്കും ഭക്തന്മാർക്കും ഒരുപോലെ ആസ്വാദ്യമാണെന്നു നിസ്സംശയം പറയാം. ഡോക്ടർ നായരുടെ എല്ലാതരത്തിലുമായ സമാരംഭങ്ങൾക്കു സകല ഭാവുകങ്ങളും നേർന്നുകൊണ്ട്,

ഉദ്യോഗമണ്ഡൽ,
ആലുവാ.

എം. കെ. കെ. നായർ.

# മണികണ്ഠവിജയത്തെപ്പററി.

രാഷ്ട്രീയപ്പാർട്ടികളുടെ തെരഞ്ഞെടുപ്പുപരിപാടികളും സാമ്പത്തികവികസനപദ്ധതിയുടെ പ്രവർത്തനങ്ങളും മററും പ്രചരിപ്പിക്കുന്നതിനുവേണ്ടി പുതിയ തുള്ളലുകൾ എഴുതപ്പെടുന്നതും അത്യന്തം അവിദഗ്ദ്ധമായി അവ അഭിനയിക്കപ്പെടുന്നതും കാണുമ്പോഴൊക്കെ, ഈ കലാരൂപത്തിന്നു ഒരു ഭാവിയുമില്ലെന്ന തികഞ്ഞ ബോദ്ധ്യം എന്നിലുണ്ടാവാറുണ്ട്. കഥകളിയേപ്പോലെ തന്നെ സങ്കേതജടിലമല്ലെങ്കിലും തുള്ളൽ ഒരു ക്ലാസ്സിക്കൽക്കലയാണു്. ഒരു ക്ലാസ്സിക്കൽക്കലെയ്ക്കു പററിയ പശ്ചാത്തലപരിവേഷമുണ്ടെങ്കിലേ തുള്ളൽ വിജയിക്കുകയുള്ളു. തുള്ളൽസാഹിത്യം, പ്രത്യേകിച്ച് കുഞ്ചൻനമ്പ്യാരുടെ കൃതികൾ, ഫലിതപ്രധാനമാകയാൽ, ഫലിതം മാത്രമുണ്ടായാൽ ഏതു പാട്ടും തുള്ളലായ്ക്കൊള്ളുമെന്നൊരു ധാരണ പലർക്കും വന്നുചേർന്നിട്ടുണ്ടെന്നു തോന്നുന്നു. ഈ ധാരണ തികച്ചും അബദ്ധമാണെന്നു പറയേണ്ടതില്ല. പുരാണസംബന്ധിയായ ഒരു കഥാസന്ദർഭവും ഭക്തിഭാവത്തിന്നു പ്രാധാന്യവുമില്ലാത്ത ഒരു തുള്ളലും ബാലാരിഷ്ടകളെ അതിജീവിച്ചതായി കാലം തെളിയിച്ചിട്ടില്ല. ഈ സവിശേഷമായ അന്തരീക്ഷത്തിന്നുള്ളിൽ ആകാവുന്നത്രഫലിതമോ പരിഹാസമോ മാത്രമേ തുള്ളലിലുണ്ടാകാവൂ. ഫലിതപരിഹാസങ്ങൾ അതിൽക്കൂടുതലാവുമ്പോൾ തുള്ളൽ വെറും കോപ്രാട്ടിക്കളിയായിത്തീരുന്നു.

ഡോക്ടർ എസ്. കെ. നായരുടെ "മണികണ്ഠവിജയം" മലയാളത്തിലെ പ്രസിദ്ധങ്ങളായ തുള്ളൽപ്പാട്ടുകൾക്കിടയിൽ സമുന്നതമായ ഒരു സ്ഥാനം ദീർഘകാലത്തേയ്ക്കു അലങ്കരിക്കുമെന്ന പൂർണ്ണവിശ്വാസം എനിക്കുണ്ട്. കേരളത്തിൽ പരക്കെ പ്രചാരമുള്ള ഒരു പുരാണകഥയെ അവലംബിച്ചാണിതു രചിക്കപ്പെട്ടിട്ടുള്ളത്. ഐതിഹ്യത്തിൽനിന്നു വ്യതിചലിക്കാതെ, എന്നാൽ ചരിത്രസംഭവങ്ങ

ളോടിണക്കി, അയ്യപ്പചരിതം ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ജാതി—സമുദായ—സമ്പ്രദായ—മത—ഭേദങ്ങാംക്കതീതവും സമന്വയാത്മകവും ആയ "അയ്യപ്പമതം" ആധുനികരായ അഭ്യസ്തവിദ്യരുടെ യുക്തിചിന്തയുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നു. ഇതുനിമിത്തം, അയ്യപ്പഭക്തിയുടെ ഫലനിഭ്രതമായ ഒരന്തരീക്ഷം ഇതിൽ മുററി നില്ക്കുന്നുണ്ട്. ഈ മുഖ്യഭാവത്തോടിണങ്ങിപ്പോകാവുന്ന ഫലിതപരിഹാസങ്ങളെ ഇതിലുള്ള. അനുസ്യൂതമായ പ്രാസപ്രവാഹം ഒരിടത്തും വര്‍ണ്ണനയുടെ പ്രസാദഗുണത്തിന്നു ഹാനി വരുത്തിയിട്ടില്ല. അതുനിമിത്തം, ഇതു തുള്ളിക്കാണുന്ന പാമരന്മാർക്കുപോലും അത്ഥബോധത്തിന്നു് ക്ലേശിക്കേണ്ടി വരികയില്ല. സന്ദർഭാനുഗുണം അവിടവിടെ ഇണക്കിയ പല ഗാനങ്ങാം ഈ കൃതിയുടെ ശ്രോത്രപേയതയെ വർദ്ധിപ്പിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ ആപാതമധുരമെന്നപോലെ ആലോചനാമൃതവുമാണു് മണികണ്ഠവിജയം. വിദഗ്ദ്ധനായ ഒരു തുള്ളൽക്കാരൻ സമുചിതമായി ആവിഷ്ക്കരിക്കുന്നപക്ഷം, ഏതാനും നാളുകാംക്കുള്ളിൽ കേരളത്തിനകത്തും പുറത്തും പ്രചുരമായ പ്രചാരം മണികണ്ഠവിജയത്തിന്നു ഉണ്ടാകാതിരിക്കയില്ല. ഭാഗ്യവശാൽ അത്തരമൊരു നർത്തകൻെറ സേവനവും ഈ കൃതിക്കു ലഭ്യമായിട്ടുണ്ട്. ആകെക്കൂടി ചിരകാലമായി വരണ്ടുകിടക്കുന്ന ഈ സാഹിത്യവിഭാഗത്തിൽ ഒരു പുതുമഴയായി "മണികണ്ഠവിജയം" അനുഭവപ്പെടാതിരിക്കയില്ല.

ഇതു പാടിക്കേട്ടു് ഞാനത്യന്തം രസിക്കയുണ്ടായി. ഇതു തുള്ളിക്കണ്ടാൽ രസിക്കാത്തവർ കേരളത്തിലുണ്ടായേക്കാം; പക്ഷേ, ഒരു കാര്യം തീർത്തുപറയാം: അവർ സഹൃദയന്മാരായിരിക്കുകയില്ല!

14 ആഗസ്റ്റ് 1963. എൻ. വി. കൃഷ്ണവാര്യർ.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# ശ്രീ
# മണികണ്ഠവിജയം

(ഓട്ടൻതുള്ളൽ)

## വന്ദനശ്ലോകം.

ഉള്ളം കാടാണു, മേടും കുഴികളുമവിടെ;-
ക്രൂരജന്തുക്കളായി-
ത്തുള്ളും കാമാദി പാർപ്പു,ണ്ടവരുടെയൊഴിയാ-
ശ്ശല്യമാരുണ്ടൊഴിപ്പാൻ?
തള്ളും വെള്ളത്തിനൊപ്പം കനിവതു കലരും
താരകബ്രഹ്മമേ,യെ-
ന്നുള്ളം നിൻതുള്ളലിന്നുള്ളൊരു ചെറുകള-
മാക്കീടണേ, കൈതൊഴുന്നേൻ.

## ഇഷ്ടദേവതാപ്രാർത്ഥന.

അടമഴയൊപ്പം പെരുകി വരുന്നൊരു
തടവുകളടിയന്നാകെയൊഴിപ്പാൻ
അടമലരപ്പം ഗുളവും പായസ-
മടിമലരിങ്കൽ നിവേദിക്കുന്നേൻ.
അരനുടെ തിരുമകനഴകിയൊരാന-
ത്തിരുമുഖമുടയോൻ തുണ ചെയ്യേണം.

നാണീയസ്സാം നവരസപരിമള-
വേണീമജ്ജനസുന്ദരതരമാം
വാണീനികരമെനിക്കുളവാകാ-
നേണീലോലവിലോചനശാലിനി
വാണീഭഗവതി നാണിക്കാതേ
വാണീടേണം മമ നാവിന്മേൽ 16

അയ്യപ്പുകളിൽക്കളിനീരാടി-
ച്ചെയ്യും തർപ്പണഫലമുളവാക്കാൻ
അയ്യപ്പന്റെ മഹത്വം കഥയാ-
യീയുള്ളവനുരചെയ്യുന്നേരം
അയ്യം പലവക പെയ്യും പൊഴുതിലൊ-
രയ്യായിരമമ്പെയ്യണമയ്യൻ. 22

സഞ്ചിതസാരസ്യത്തിൻ വിളനില;-
മഞ്ചിതസാഹിത്യത്തിൻ തിലകം
കഞ്ജഭവാത്മജതന്നുടെ കുചയുഗ-
മഞ്ജരിതന്നിലൊളിഞ്ഞ സുധാരസ-
സഞ്ജനിതം മദമാർന്നു ലസിക്കും
കുഞ്ചൻ കവിവരനെൻ ഗുരുനാഥൻ
നെഞ്ചകമേറിയൊരെന്റെയഹമ്മതി
കിഞ്ചന മർഷിച്ചീടണമധുനാ.
തൻചിരകേളീഭാജനമാകും
മഞ്ജുളനർത്തനകാവ്യവിധാനം
അഞ്ചാതെന്നുടെ ധിക്കാരത്തിൻ
വഞ്ചികയാക്കാനിന്നു തുനിഞ്ഞേൻ.
തഞ്ചം പാർത്തു വസിക്കും പുസ്തക-
വെൺചിതലായ നിരൂപകവർഗ്ഗം

കുഞ്ജരഗർവമൊടെന്നുടെ മുമ്പിൽ
സഞ്ചാരാരംഭത്തിനു വന്നാൽ
നിൻകരുണാലവമുണ്ടെന്നാലോ
സങ്കടമെന്നിലുദിക്കയുമില്ലാ.

എന്നാലിനിയൊരു കഥയുരചെയ്യാ-
മെന്നുടെ കഴിവിനു കഴിയുംവണ്ണം.
നന്നായായതു വന്നാലോ ഗുണ-
മൊന്നായ് കേൾക്കുന്നോർക്കാണോർക്കാം.

## കഥാരംഭം.

പാണ്ഡവകുലകലശാംബുധിചന്ദ്രൻ
പാണ്ഡ്യമഹീപതിവംശ്യൻ മന്നൻ
കുന്റതയെന്നി വസിക്കും കാലം
കണ്ടാമണ്ടിക്കാരൻ ചോളൻ
കൊണ്ടാൻ പാണ്ഡ്യമഹീതലമഖിലം
നീണ്ടൊരു പോരിൽച്ചതിചെയ്തുള്ളോൻ.
പാവം പാണ്ഡ്യമഹീശൻ മഹിഷിയു-
മാവും സേനകളൊത്തുടനോടി
ചേരമഹീതലഗിരിവരപാർശ്വം
ചേരും കാനനതലമതിലെത്തി.
അന്തസ്താപത്തോടവരെങ്ങും
ബന്ധുരമാമക്കാട്ടിലലഞ്ഞാൻ
ചന്തമെഴുന്നൊരു ദിക്കിൽ വസിപ്പാ-
നെന്തൊരു വഴിയെന്നുഴലുന്നേരം
അന്തണരിൽച്ചിലരോതീ:- "മന്നവ!
പന്തളമെന്നൊരു ദിക്കുണ്ടിവിടെ

കുളവും തളവും കൊത്തളവും പല
കളമം തിങ്ങി വിളങ്ങും നിലവും.
കളകളനാദം പെയ്യോഴുകീടും
കളനിർത്ധരനിരകലരും തലവും
കളവറിയാത്തവർ വാഴും പുരകള-
മളവില്ലാതവിടത്തിൽക്കാണാം.
കളഭാഷിണിയാം റാണിയുമൊന്നി-
ച്ചിളകൊള്ളാമക്കോമളഭ്രവിൽ."

അങ്ങനെയന്തണവരവാക്യത്താ-
ലങ്ങു വസിച്ചാൻ മന്നൻ മതിമാൻ
സന്തതസഹചരവർഗ്ഗത്തേയും
പന്തളവാസിജനത്തെയുമൊപ്പം
സന്താനങ്ങൾ കണക്കേ ഭ്രതല-
സന്താനായിതനാം നരപാലൻ
സന്തോഷത്തൊടു പോററിക്കൊണ്ടാൻ
സന്തതിയില്ലാത്തഴലാററീടാൻ.
എങ്കിലുമരചന്ദ പരഗതിയരുളാ-
നെങ്കിലുമൊരു സുതനില്ലാഞ്ഞതിനാൽ
സങ്കടമുള്ളിലുദിച്ചിട്ടൊരുനാൾ
തൻകുലഗുരുവിനൊടേവം ചൊന്നാൻ :-

"രാജ്യമശേഷം പൊയ്യോയ് പുതിയൊരു
രാജ്യം കിട്ടിയെനിക്കെന്നാലും
പ്രാജ്യസുഖം നഹി; യന്ത്യത്തിൽ സാ-
യൂജ്യത്തിന്നൊരു വഴിയില്ലല്ലോ.
പുത്രമുഖം മമ കാണാഞ്ഞുണ്ടഴ-
ലെത്രയു,മെന്തിനി ഞാൻ ചെയ്യേണ്ടു?

THE KOTTAYAM PUBLIC LI
KOTTAYAM.

സത്രം പലതും ചെയ്യേൻ; മമ കുല-
മത്ര നശിക്കാനിടവന്നാലോ ?"

അരചൻതന്നുടെ വചനം കേട്ടാ-
ഗ്ഗുരുസമനാം കുലഗുരുവും ചൊന്നാൻ :-
"തത്രഭവാനുടെ ദുഃഖനിവൃത്തി-
ക്കുത്തമമാൎഗ്ഗം ഞാനുരചെയ്യാം.
സത്വരമായതു ചെയ്തീടിൽത്തവ
പുത്രനുമുളവാം പരഗതിയരുളാൻ.
പൊന്നമ്പലഗിരിതന്നരികിൽപ്പര-
മുന്നതമാമൊരു മല കണ്ടീടാം.
മന്നവ ! ശബരിയിരുന്നു തപം ചെ-
യ്തന്നുമുതല്ക്കതു പുണ്യസ്ഥലമായ്.
ശങ്കരനാരായണദേവന്മാർ
സംഗമമാർന്നുളവായൊരു ഭഗവാൻ
അങ്ങു സമാധിസ്ഥിതനായ് വാഴ്;-
നാങ്ങയ്ക്കിനിയദ്ദേവൻ ശരണം.
ഹരിഹരസുതനെപ്പരദേവതയായ്-
പ്പരിചൊടു സേവിച്ചീടുകയിനിമേൽ
സന്തതിയെന്നല്ലതിനുടെ ലക്ഷ്യം
സദ്ഗതിയും തവ സാധിച്ചീടും."

മട്ടുമാറി.

ഏവം ഗുരൂപദേശം ദേവൻ ധരിച്ചു ധരാ-
ദേവരും സചിവരുമേവരുമൊരുമിച്ചു
സന്നാഹപൂർവ്വം വനത്തിന്നകം പ്രവേശിച്ചു
കുന്നിക്കും പരിതോഷമന്നാർക്കുമങ്കുരിച്ചു

നടന്നു പടജ്ജനം കടന്നു പർവ്വതങ്ങൾ
തളർന്നു പാരമപ്പോൾ കിടന്നു താവളത്തിൽ
വിടർന്ന സൂനജാലം വളർന്ന വല്ലികളും
പടർന്നു പന്തലിച്ചോരിടങ്ങൾ കണ്ടാരവർ.
കിളർന്ന പുല്ലൊടികൾ നിവർന്ന മേടുകളും
പിളർന്ന വായ്ക്കുള്ളുള്ള ഭീകരഗുഹകളും
ആടും മയിലുകളും പാടും കുയിലുകളും
ഓടും മുയലുകളും ചാടും മരഞ്ചാടികൾ
വള്ളിപ്പുലികൾ വായിൽത്തള്ളിയലച്ചുവീഴും
പുള്ളിപ്പേടക;ളാടിത്തുള്ളിടും കരടികൾ
പേടിച്ചുരണ്ടു മാറിത്താടിക്കു കൈകൾ ചേർത്തു
മോടിയിൽ നിന്നീടുന്ന വേടക്കിടാത്തികളും 120

ഇങ്ങനെ പലപല കാഴ്ചകൾ കണ്ടാർ
തിങ്ങിന മോദം പൂണ്ടാരവരും
തുംഗഹിമാചലസന്നിഭപർവ്വത-
പംക്തികൾ പലതും കണ്ടവരൊടുവിൽ
ശ്രീശബരീശമഹാചലസന്നിധി
പൂകി,പ്പൂജനടത്തിക്കൊണ്ടാർ. 126

പദം

രാഗം : ശങ്കരാഭരണം

താളം : ആദി

പാലയ കൃപാലയ
പാലയ കൃപാലയ.

No. 12041

ബാലേന്ദുമൗലിതനയ!
നീലേന്ദീവരനയന!
ശ്രീലശബരീനിലയന!— പാലയ......

ബാലവദനേന്ദു കാണാ-
ഞ്ഞാലോല ഹൃദയനായ്
നാളേറെയായുണ്ടുഴലുന്നോൻ— പാലയ......

ശങ്കരഹരിഭവ, ഭവ-
സങ്കടഹര! ദേവ, ഭവാൻ
എൻകുലദേവതയല്ലോ— പാലയ...... 136

ചിത്തമഴിഞ്ഞിതുമാതിരി ഭൂപതി
ചീർത്തൊരു ഭക്തി മുഴുത്തതിവിവശം
വാർത്തൊരു ബാഷ്പസുമംഗലപുഷ്പം
ചേർത്തൊരുമാല്യം കോർത്തുണ്ടാക്കി
ചാർത്തിച്ചാൻ തിരുനടയിൽ ഭൂതല-
സത്വഗണാർത്തിഹരൻ തിരുമുമ്പിൽ.
പിന്നെപ്പലവഴിപാടുകൾ ചെയ്താ
മന്നൻ പാർഷദരൊന്നിച്ചുടനെ
ഉന്നിദ്രാനന്ദാകുലമാനസ-
നൊന്നും രണ്ടും മൂന്നും നാലും
പിന്നെപ്പതിനാലുള്ളൊരു തൃപ്പടി
മുന്നിൽദ്ദേവനെ നോക്കിക്കൊണ്ടേ
പിന്നോട്ടോരോന്നായടി വെച്ചഥ
സന്നിധിവിട്ടു നടന്നാൻ തിരികെ. 152

കാന്താരാന്തരഭീകരമാർഗ്ഗം
കൗന്തേയോത്ഭവമന്നൻ ശീഘ്രം

സന്തോഷത്തോടു താണ്ടീടുമ്പോ-
ളെന്തോ ശങ്കിച്ചല്പം നിന്നാൻ.
കാട്ടിന്നുള്ളിൽ തെല്ലകലത്തായ്
കേട്ടാനൊരു ശിശു കരയും ശബ്ദം
പെട്ടെന്നവിടെച്ചെല്ലാൻ നരപതി
കൂട്ടരുമൊത്തു പുറപ്പെട്ടപ്പോൾ
ഒന്നോടൊന്നുയരുന്നു രോദന;-
മോങ്കാരത്തിൻ പാവനതാനം !
മന്നവപാർഷദരെല്ലാം സ്തംഭി-
ച്ചൊന്നുംതോന്നാതങ്ങനെ നില്ക്കെ
എങ്ങനെയെന്നറിവീലാ പന്തള-
മംഗലകാരകനരചൻ തനിയേ
തിങ്ങിഞെരുങ്ങീ വളർന്നൊരു മാമര-
സംഘാതാന്തരമാർഗ്ഗത്തൂടെ
ചെന്നൊരു നേരം കണ്ണുകൾ രണ്ടും
മിന്നൽപ്പിണരാൽ മഞ്ചിപ്പോയി!
മന്നവനവിടെത്തൊഴുകയ്യോടെ
നിന്നാനൊന്നും തോന്നാതങ്ങനെ
പിന്നെത്തനിയേ മിഴികൾ തുറന്നാ-
മിന്നൽക്കൊടിയെത്തഴുകീ കണ്ണാൽ.
എന്തേ! ഭഗവൻ! വിസ്മയനീയം
തന്നേ! യെന്തീക്കാണ്മൂ മുന്നിൽ?
ഫണിപതിഫണമതിലൊളികാളീടും
മണിഗണവിഗളിതതേജഃപുഞ്ജം
കരുകരെ നിറമായ്ത്തീരുമ്മാറൊരു
കമനീയം മണിമാല്യം കല്യം

കണ്ഠത്തിങ്കലണിഞ്ഞും, മുകിലിനു
കുണ്ഠത ചേൎക്കും കുന്തലിണങ്ങി
പല്ലവകോമളതരമാം കരവും
മല്ലമനോഹരമൃദുലം കാലും
മെല്ലെന്നൊട്ടു കുടഞ്ഞും കുവലയ-
തുല്യം കണ്ണിണ ചാമ്പിമയങ്ങി
ശ്യാമളകോമള വനതലമാകെ-
പ്പൂമൃദുമേനി നിലാവൊളി പാകി
പാലലയാഴിയിൽ നിന്നു പിറന്നൊരു
ബാലശശാങ്കസമാന കിശോരൻ
പാൎത്ഥിവചിത്തത്തിന്നമൃതത്തിൻ
മുത്തൊളികിരണം കൊണ്ടൊരു മാല്യം
കോർത്തു ചാർത്തി ലസിച്ചീടുന്നു
കാർത്തസ്വരനിഭകാന്തി കലർന്നും. 194
ആനന്ദാത്ഭുതവിവശൻ പന്തള-
മാനവപാലൻ ബാലനെയുടനെ,
വാരിയെടുത്തു മുകൎന്നു വിരിഞ്ഞൊരു
മാറിലണച്ചൊരു നിമിഷം നിന്നാൻ.
അപ്പോഴങ്ങുതിരക്കിച്ചെന്നവ-
രത്ഭുതശിശുവിനെയൊന്നു തലോടാൻ
തൽപരഭാവം കൊണ്ടു പരസ്പര-
മല്ലേതരമാത്സര്യം പൂണ്ടാർ.
മറെറാരു നിമിഷം വൈകിക്കാതെ
കൊററക്കുടയോൻ പററത്തോടെ
മുററിയ മോദം പൂണ്ടു നിജാലയ-
മെത്താൻ ബദ്ധപ്പെട്ടാനുടനെ.

കൊട്ടാരത്തിൽച്ചെന്നവനീശൻ
മട്ടോൽമൊഴിയാം പ്രിയതമ തന്നുടെ
വാട്ടമിയന്ന മുഖാംബുജമായതി-
നൊട്ടു വികാസമണത്തും മട്ടിൽ
കുട്ടിക്കതിരവകാന്തിയെഴുന്നൊരു
കുട്ടിയെ നൽകിയിവണ്ണം ചൊന്നാൻ :- 222

പദം

രാഗം : നവരസം താളം : ആദി

മതിമതി മതിമുഖീ, മനതാരിലിനിയഴൽ
മതിമതി മതിമുഖീ!
മഹിയിതിലിന്നു നാമേ മഹിതരായ് മനോരമേ!
മഹമിനിക്കൊണ്ടാടാമേ മല്ലാക്ഷീ പ്രിയതമേ!
— മതിമതി മതിമുഖീ!

മകനിവൻ കുലവല്ലീ മന്ദാരസുമമല്ലീ?
മഹിതേ നീ മാതാവല്ലീ? മുലയെന്തേനല്കീലല്ലീ?
— മതിമതി മതിമുഖീ!

മണിവരമാല്യകണ്ഠനണിശംഖരമ്യകണ്ഠൻ
മണികണ്ഠനെന്നപേരിൽ വിളികൊണ്ടീടുമേപാരിൽ
— മതിമതി മതിമുഖീ!

ശബരീശകൃപാപാത്രം സപദി നാമത്രമാത്രം
ശുഭകർമ്മഫലപാത്രം ശുഭശീലേയിനിമാത്രം.
— മതിമതി മതിമുഖീ! 232

ഉണ്ണി പിറന്നതു കേട്ടവർ കേട്ടവ-
രെണ്ണം കലരാതുള്ളോരുവണ്ണം
പെണ്ണും പെടയും പിള്ളരുമായി-
ട്ടർണ്ണവതുല്യം വന്നുനിറഞ്ഞു.
കദളിക്കുലയും ശക്കര മാമ്പഴ-
മധികം രുചികരമായ കരിമ്പും
പൂവൻപഴവും മലരും തേനും
പൂവുകൾ പലതും നല്ലവിലടയും
കാഴ്ചകളീവക പലവക കെട്ടി-
ക്കാഴ്ചക്കാററരു വന്നുതുടങ്ങി. 242
പട്ടന്മാരും കോമട്ടികളും
പട്ടാണികൾ പല നായന്മാരും
ചെട്ടികളമ്പലവാസികൾ നാട്ടു-
ക്കോട്ടയിൽ നിന്നു വരുന്നൊരു കൂട്ടർ
തുളുവന്മാരും പുളുവന്മാരും
കൊഴവന്മാരും കൊങ്ങിണിമാരും
പോററികളെമ്പ്രാന്മാരും പലപല
മാററിത്തക്കാർ നമ്പൂരാരും
വേലൻ വെട്ടുവർ കണിയാൻ പുലയൻ
വേളാന്മാരും വെള്ളാളന്മാർ
നസ്രാണികളായ് നാട്ടിൽ നിറഞ്ഞൊരു
'മിശ്ര്'ക്കാരുടെ വകഭേദങ്ങൾ
തെക്കും ഭാഗർ വടക്കും ഭാഗർ
യാക്കോവാക്കാർ കത്തോലിക്കർ
മർത്തോമ്മാക്കാർ മററുള്ളോരും
മത്തന്മാരായ് വന്നിടകൂടി.

അഭ്യാസികളായീഴോത്തിൽ നി-
ന്നാഗതരാമീഴവർ പലരും
അത്ഭുതകരമാമിക്കഥ കേട്ടി-
ട്ടപ്പോളവിടെത്തിക്കിക്കൂടി.

കൂടിനടന്നവർ തങ്ങടെ തങ്ങടെ
കൂട്ടക്കാരോടോരോന്നോതി :-
" കുട്ടൻപിള്ളേ, നമ്മുടെ ദിക്കിൽ-
ത്തട്ടിപ്പായി നടന്നൊരു വിഡ്ഢാൻ
കേട്ടോ നല്ല വിശേഷം പന്തള-
നാട്ടിന്നിപ്പോൾ മന്ത്രിപ്രവരൻ."
"മന്ത്രികളാവാനിക്കാലത്തൊരു-
മാതിരി തന്ത്രം മാത്രം പോരും."
"തന്ത്രം മാത്രം പോരാ മദ്യം
മോന്താനുള്ള മിടുക്കും വേണം."
"കള്ളുകുടിക്കും മന്ത്രിക്കുള്ളൊരു
പിള്ളേർക്കും ചില ഗുണമുണ്ടിപ്പോൾ
തൊണ്ടച്ചേരിക്കാരൻ മന്ത്രി-
ക്കുണ്ടൊരു മണ്ടൻ ചൊക്കൻ ചെക്കൻ
അക്ഷരവിദ്യയുമവനും തമ്മിൽ
ശിക്ഷയിലുണ്ടായ് പണ്ടൊരു സമരം
അപ്പൻ വളരെപ്പണിതെന്നാലും
ചപ്പൻ പയ്യനിളക്കം നാസ്തി.
അത്ഭുതമക്ഷരവിദ്യ ഭയന്നി-
ട്ടക്കരെ ചാടിത്തടിതപ്പീപോൽ!
ഇപ്പോൾ ചെക്കനെ ജവുളിക്കടയൊ-
ന്നൊപ്പിച്ചല്ലോ മന്ത്രിത്തന്ത.

 No: 12041

കാര്യംനേടാൻ മന്ത്രിയെ നേരിൽ-
ക്കാണാതേ ചില വേലകളുണ്ട്.
ചെക്കന്റെ കയ്യു മടക്കും ക്രൂരർ-
ക്കൊക്കയുമെന്തും സാധിച്ചീടാം.”
നായന്മാരിൽക്കേമന്മാരായ്
ഞായക്കാരാം നേതാക്കന്മാർ
തങ്ങളിലിങ്ങനെ ചൊന്നാർ നാട്ടിൽ
തമ്മിത്തല്ലിക്കലശലുക്രൂട്ടാൻ :-
“വർഗ്ഗീയക്കാരുണ്ടീ നമ്മുടെ
വർഗ്ഗത്തിന്നിനി വഴിയില്ലാതായ്
പണ്ടാരപ്പിടി മുതലാളുന്നോർ
പാണ്ടിക്കാരാണെല്ലാപേരും
മലയാളക്കരമുഴുവൻ പാണ്ടി-
ത്തലയാളക്കാർ കൈയ്‌വശമാക്കി
നായാട്ടിന്നും ചേവത്തിന്നും
നായന്മാരെക്കൊണ്ടേ പററൂ.
നാടു ഭരിക്കുക നാട്ടരചന്മാ-
രോടു നടക്കുകയെന്നിവയെല്ലാം.
നാട്ടുമറന്നും മൂട്ടുമറന്നും
ചോട്ടുപറിച്ചീ നാട്ടിൽക്കേറി-
ക്കാട്ടുകരം കാട്ടി നടന്നീടും മറു-
നാടന്മാരായെന്നിഹ വന്നു!
നായന്മാരേ, നമ്മൾക്കിപ്പോൾ
കേമന്മാരായ്ത്തീരണമെങ്കിൽ
കരയും മുറിയും തോറും നല്ലൊരു
കരയോഗങ്ങൾ വളർത്തുകവേണം

ഉൽപന്നത്തിൻ പിരിവുകൾ വേണം
നാൽപ്പത്തൊന്നിനു യോഗം വേണം
കെൽപുകലർന്ന ചെറുപ്പക്കാരുടെ
താൽപര്യത്തിനു താലപ്പൊലിയും.
നായരു നന്നായെന്നാൽ നമ്മുടെ
നാടോ വിണ്ണോർ നാടായീടും.
നസ്രാണിക്കും മററുള്ളോർക്കും
വിശ്രാണിക്കും പുരയിടമൊന്നും
നമ്മൾക്കില്ലാ, നാമവിടെല്ലാം
നമ്മുടെ ദേവന്മാരുടെ ബിംബം
മണ്ണുകുഴിച്ചു മറച്ചിട്ടെന്നാൽ
പിന്നെച്ചെന്നിഹ മാന്തിപ്പൊക്കാം.
കൊട്ടും പാട്ടും സേവയുമായി-
ക്കൊട്ടില്വ കെട്ടാം കോവിലുകെട്ടാം.
ദേവസ്വത്തിനു കയ്യേറീടാം
ഏവരുമപ്പോൾ പിന്മാറീടാം.
അങ്ങനെ നാട്ടും വീടും കൂട്ടും
നമ്മുടെയെന്നായ്ത്തീരും തീർച്ച." 326
ഇങ്ങനെയൊരു സമുദായത്തലവൻ
വിങ്ങിന കുടവയറേന്തി നടപ്പോൻ
തിങ്ങിന സന്തോഷത്തോടോരോ
സംഗതിവെച്ചു പറഞ്ഞതു കേൾക്കെ
കൂട്ടത്തിൽച്ചെറുമീശക്കാരൻ
കൂട്ടം നോക്കിയുരച്ചാനേവം :-
" തൊഴിലില്ലാത്തൊരു നേതാക്കന്മാർ
മൊഴിയും കൊള്ളരുതായ്മകൾ കേട്ടാൽ

ഒഴിയാൻ തോന്നുന്നില്ലാ, നല്ലൊരു
തോഴി പോടാനേ തോന്നത്തുള്ളൂ." 336

ഭേദാഭേദമുണർത്തിടുമ്മാ-
റേതാവത്താം വാക് ശരമേല്ലേ
നേതാവിൻെറ കഷണ്ടിത്തലയതി-
ലേതാണ്ടൊന്നു തെളിഞ്ഞു മറഞ്ഞൂ! 340

അരമനതന്നിലകമ്പടി നില്ക്കു-
ന്നവരുടെയനുമതി കൊണ്ടവരെല്ലാം
അരുമക്കുഞ്ഞിൻ പൊന്നൊളി വീശും
തിരുമെയ് കാണാനണിയായ് പ്പോയാർ. 344

അക്കൂട്ടത്തിൽപ്പെട്ടൊരു ദിവ്യൻ
ചിക്കെന്നശ്ശിശുവിൻ തിരുവദനം
പാർത്തതി വിസ്മയമാർന്നു പതുക്കെ-
പ്പാർത്ഥിവവരനോടോതി രഹസ്സിൽ :- 348

"ഭാഗ്യമഹോ തവ ഭാഗ്യം മാനവ,
പാർത്താലങ്ങൊരു പുണ്യശ്ലോകൻ
പാർത്തലമിന്നിതിലിത്ര മഹത്വമ-
തൊത്തൊരു ജനനം കേട്ടറിവീല!
പൊയ്യല്ലോതാം ശബരിഗിരീശ്വര-
നയ്യൻ തിരുവടി താനിപ്പൈതൽ.
അവതാരത്തിനുമൂലം ചൊല്ലാ-
മവനീവല്ലഭ, കേട്ടാലും നീ.
കഷ്ടം കലിയുടെ കാലം വന്നു
ദുഷ്ടത മൂത്തു മനുജർക്കെല്ലാം.
ആധി വളർത്തും ഭീതി വരുത്തും
ജാതിസ്പർദ്ധ പെരുത്തു നാട്ടിൽ

നാൽക്കാലികളെപ്പോലും മാനുഷർ
തോൽക്കാറാക്കി തൊഴുത്തിൽക്കുത്തിൽ.
തൊട്ടാലാകെയശുദ്ധപ്പെട്ടുമാ–
റൊട്ടാം ജാതികളുണ്ടായല്ലോ.
ഒട്ടകലത്തായ് നിൽക്കിൽച്ചിലരെ–
യാട്ടിയകററും കൂട്ടരുമുണ്ടായ്
പെട്ടെന്നെങ്ങാൻ ദൃഷ്ടിക്കകലെ–
പ്പെട്ടാൽ ശുദ്ധം മാറുന്നോരും
തൊട്ടുണ്ണാത്തോർ, വീട്ടിലടുക്കള
തൊട്ടാൽപ്പൊട്ടും ജാതിക്കാരും
ശൈവക്കാരെക്കണ്ടാലുടനേ
ശൌചം ചെയ്യും വൈഷ്ണവരുണ്ടായ്.
തങ്ങടെ മതമാണുത്തമമെന്നും
തങ്ങളൊടേററാൽ കുത്തമതെന്നും
തങ്ങൾക്കുള്ളൊരു ദൈവം മാത്രം
തങ്ങളെ നോക്കും മററുള്ളവരോ
തങ്ങടെ മാർഗ്ഗം ചേർന്നീലെന്നാൽ
തിങ്ങും പാപം തിന്നുമതെന്നും
ഇങ്ങനെ പലവക പോഴത്തങ്ങൾ–
ക്കിന്നൊരു വിളനിലമായിത്തീർന്നു.
കലികാലത്തിൻ കാതരഭാവം
കലരും ലോകരെയവനംചെയ്വാൻ
കല[illegible]തി തലയിലണിഞ്ഞൊരു ഹരനും
കലശാംബുധിയതിലരുളും ഹരിയും
പല പല കാലം നിരുപിച്ചവരുടെ
കലകൾ കലർത്തിക്കല്പിത ചാത്തി

കലിശമനൌഷധമായൊരു മൂർത്തി-
ക്കലിവൊട്ട നല്കീ ജന്മമിദാനീം.

ആര്യ്യങ്കാവിൽ ബാലകനായി-
ട്ടാര്യ്യൻ വാളുകൾ പോക്കീതാര്യം.
അച്ചൻകോവിലിലത്ഭുതയൗവന-
യുക്തൻ ഗാർഹസ്ഥ്യത്തെക്കൊണ്ടാൻ
പിന്നെശ്ശബരിഗിരീശ്വരനായി-
സ്സന്ന്യാസത്തിലിരുന്നാനയ്യൻ.
അത്തിരുവടിയുടെ കാരുണ്യത്തിൻ
മൂർത്തി പിറന്നു നിന്നുടെ സുതനായ്
ഭാഗ്യമഹോ തവ ഭാഗ്യം മന്നവ
പാർത്താലങ്ങൊരു പുണ്യശ്ലോകൻ
ഒന്നിനിയോതാ മിക്കഥ, ശ്രദ്ധം
നിന്നാണാരുമറിഞ്ഞീടരുതേ "

മുനിയുടെ വചനം കേട്ടു നരേന്ദ്രൻ
കിനിയും ബാഷ്പസമാകുലനേത്രൻ
ഹരിഹരസുതനുടെ തിരുനാമത്തിൻ
സ്മരണയിലങ്ങനെ നിന്നാനല്പം.
" ശരണം ശരണം ശബരിഗിരീശാ
ശരണം താവകചരണം സതതം
ശരണാഗതജനപാലനലോല
ശരണം ശരണം താവകചരണം "

നരപതി, ഭക്തിതരംഗിതചിത്തൻ
സ്തുതിപരവാക്യം ചൊല്ലി നമിച്ചാൻ.

ദിവ്യൻ മുനിയോ പോയി മറഞ്ഞാ-
നവ്യാകുലമാ മന്നൻ പിന്നെ
ദിവ്യകുമാരകനയ്യന്നു വേണ്ടും
ഭവ്യസപര്യകൾ ചെയ്താനല്ലോ. 414

നാനാജനനയനത്തിനമേയം
പീനാനന്ദമുണർത്തും മട്ടിൽ
ആ നരപാലകനന്ദനനനുദിന-
മാവളർമതിയെപ്പോലെ വളർന്നാൻ. 418

ചൗളം, വിദ്യാരംഭം പിന്നെ
വാളാലുള്ള പയററുകൾ പലതും
പൂർവ്വജന്മസ്സിൽച്ചേർന്നോരു വിദ്യകൾ
സർവ്വവുമപ്പോൾത്തെളിയും വണ്ണം
വിധിപോലങ്ങു നടത്തീ മന്നൻ
നിധിപോലല്ലോ കാത്തു ബാലനെ. 424

മട്ടമാറി.

കടത്തനാട്ടിൽനിന്നുമരത്താരഭ്യാസിയാം
കടുത്ത നായരേയും വരുത്തിക്കൊണ്ടാൻ നൃപൻ
കടുത്തിലയും ശൂലം തോമരം വാളും കൊണ്ടു
തരത്തിൽപ്പയററിയും പടുത്വമാണ്ടാനയ്യൻ. 428

തഞ്ചത്തിൽത്താന്നു നിന്നു തൻചോടു പകരാതെ
പൊൻചുരികയാലോരോന്നഞ്ചാതെയഭ്യാസങ്ങൾ
ചഞ്ചലൽക്കിങ്കിണിയും കഞ്ജാതദളലോലം
മഞ്ജുളം പട്ടുകച്ചയെന്നിവ പൂണ്ടു കാട്ടി. 432

നാട്ടിലുള്ളഭ്യാസികൾ കേട്ടവർ കേട്ടോർ വന്നു
രാട്ടിന്റെ മുന്നിൽവച്ചു കാട്ടിനാർ പയററുകൾ
കുട്ടിത്തമ്പുരാനയ്യൻ പെട്ടെന്നാവേലയെല്ലാം
മട്ടൊത്തു കാട്ടിക്കൊണ്ടാൻ ദിക്കെട്ടും പുകഴാണ്ടാൻ. 436

കല്യാണധാമനാകുമല്ലാസി കുമാരനു-
മെല്ലാ വിധത്തിങ്കലും വല്ലവനായി വന്നാൻ
പന്തളത്തുള്ളോരെന്നല്ലന്തികദേശക്കാരും
അന്തരാനന്ദപൂർവ്വമങ്ങെത്തി കുമാരനെ
താന്താങ്ങൾക്കുള്ള ബഹുസന്താപഹേതു ചൊല്ലി
സാന്ത്വനം ലഭിക്കുവാൻ സന്തതം സമീപിച്ചാർ. 442

തെക്കുംകൂറു വടക്കുംകൂറും
കാക്കും മന്നോർ വന്നാരവിടെ.
മിക്കതുമവരുടെ നാട്ടിൽ കളരികൾ
വെയ്ക്കണമെന്നാണവരുടെ മോഹം.
ചെമ്പകനാട്ടിലെ മന്നനു സേനാ-
സമ്പത്തിന്നൊരു വഴികാണേണം.
ആലങ്ങാട്ടുള്ള രചന പടയിൽ
ചേലൊക്കും ചില വേലകൾ വേണം.
കായംമനമോടെന്തോ ചൊല്ലാൻ
കായംകുളനരപാലൻ വന്നാൻ. 452

"കൊള്ളക്കാരു നിമിത്തം നാട്ടിൽ
കൊള്ളാതായീ വാസമിദാനീം
വാവരനെന്നൊരു വീരൻ നമ്മുടെ

വാതിലിൽ വന്നാൻ കുത്തിക്കവെരാൻ
കപ്പലിലേറിക്കൊള്ളക്കാർ പലർ
കപ്പാൻ വന്നുതുടങ്ങീ നാട്ടിൽ
യാപ്പാണത്തു ചരക്കുംകൊണ്ടൊരു
കപ്പലു കച്ചോടത്തിനു വന്നു
ഇപ്പോൾകേട്ടു കപ്പലിലുള്ളവ-
രെപ്പേരും പോയ് കടലകമന്നായ്.
കപ്പലുമില്ല ചരക്കും നാസ്തി;
കാപ്പാൻ പോന്നോനല്ലീയുള്ളോൻ !
അത്ഭുതബാലകനായ ഭവാനെ-
ന്നൊപ്പം വന്നാൽ പണിയൊപ്പിക്കാം.
ശപ്പന്മാരാം കൊള്ളക്കാരെ
ക്കപ്പലൊട്ടും പിടികൂടാമല്ലോ." 468

കായംകുളനരപാലൻ തന്നുടെ
മായം വിട്ടൊരു വാക്കുകൾ കേൾക്കെ
മായാമാനുഷനയ്യൻതിരുവടി
തോയും തോഷം പൂണ്ടുരചെയ്താൻ :-
"അച്ഛനൊടും ഞാനനുമതി വാങ്ങി
നിശ്ചയമിന്നേ പോരുന്നുണ്ടേ
ഇച്ചതിചെയ്യുന്നോരെയമർത്താൻ
കൊച്ചൻ ഞാനേ മതിയാം നൂനം." 486

ഇങ്ങനെയച്ഛൻതന്നനുവാദം
മംഗലമാശിസ്സോടേ വാങ്ങി
സംഗതരാം ചില ഭടരൊടു ചേന്നാ-
ത്തുംഗപരാക്രമി യാത്രയുമായി. 490

ചെന്നവഴിക്കേ കടലിൻതീരം
തന്നിലെഴുന്നൊരു കൊള്ളക്കാരെ
മൂന്നാലമ്പെയ്തോടിച്ചപ്പോൾ
വന്നാനങ്ങൊരു കുതിരക്കാരൻ. 494

തൊപ്പിയുമിട്ടു ചട്ടയുമിട്ട-
ത്തൊപ്പിക്കരികിൽ തൊങ്ങലുമിട്ട്
കത്രിച്ചുള്ളൊരു വട്ടത്താടി-
ക്കിത്തിരി ചെമ്പൻ ചായം തേയ്ച്ചും
പച്ചപ്പട്ടുറുമാലും കിന്നരി
വെച്ചൊരു നിലയങ്ക്റാവുമണിഞ്ഞും
തോല്വാർപ്പട്ട മുറുക്കി,യിടത്തൊരു
തോലുറ ചേരും വാളും തൂക്കി
തുടുതുടയുള്ള നിറം കലരുന്നൊരു
പട്ടമതിയായ തുരുഷ്ക്കത്തലവൻ
പരിഹാസച്ചിരി തൂകിയുരച്ചാ-
നരികിലണഞ്ഞ കുമാരനെ നോക്കി. 506

“കൊള്ളാം കുട്ടീ നിന്നുടെ തൊഴിലുകൾ
കൊള്ളാം നീയൊരു വിരുതൻ തന്നെ
നമ്മുടെയാൾക്കാരെല്ലാം നിന്നുടെ
ചുമ്മാതുള്ളോരമ്പാലോടി
ഒററയ്ക്കിങ്ങനെ നമ്മൊടു പൊരുതാൻ
പററം വിട്ടു വരുന്നൊരു ബാല
തെറെറന്നെന്നുടെ കൺവഴി വിട്ടി-
ട്ടൊററച്ചാട്ടത്തിനു നീ പൊയ്ക്കോ.

ഉററൊരു തായും തന്തയുമില്ലാ-
തൊററത്തടി നീയെന്നേതോന്നീ
കുററം പറയുകയല്ലാ; നിന്നുടെ
പററക്കാരും പററിപ്പോരാം." 518

കൊള്ളത്തലവൻ ചൊന്നതു കേൾക്കേ-
യുള്ളിൽച്ചെറു ചിരി പൂണ്ടാനയ്യൻ.
"നേരേ ചൊന്നതു; താങ്കൾക്കിനിമേൽ
പോരേ വേണ്ടതു ഗീരല്ലല്ലോ.
നേരേ നില്ക്കിനി, വാളും പരിചയു-
മാരാൽ കൈക്കൊണ്ടൊരു കൈയ്
നോക്കാം." 524

കുതികൊണ്ടിങ്ങനെ രാജകുമാരൻ
കുതിരക്കാരനൊടോതുന്നേരം
ചതികരുതിക്കൊണ്ടതിതരചപലം
ക്ഷിതിപകുമാരൻ തൻതല വീശാൻ
ചതുരൻ കൈവാളൂരുന്നേരം
കുതിരയ്ക്കുള്ളൊരു കാലുകൾ നാലും
മതിമാനാം മണികണ്ഠൻ വെട്ടീ
കതിരൊളി തിരളും കരവാളത്താൽ. 532

ഓർക്കാപ്പുറമുള്ളടവിതു കാൺകെ-
ച്ചീക്കും കോപത്തോടു തുരുഷ്കൻ
തൽക്കരവാളും വീശിയനേരം
തക്കം നോക്കിയൊഴിഞ്ഞിട്ടയ്യൻ
ചിക്കെന്നാവാൾ തുണ്ടംതുണ്ടമ-
താക്കിയരിഞ്ഞാൻ ചുരികത്തലയാൽ.

വാളില്ലാതെ വായ പിളർത്തി-
ത്താളിലപോലെ തളൎന്നു തുരുഷ്കൻ.
അയ്യൻ മറെറാരു വാളുകൊട്ടത്താൻ
കയ്യിൽ; ക്കരുമനപോക്കാനായി.
വെട്ടും തടയുമതായിട്ടങ്ങനെ-
യൊട്ടൊരു മൂന്നേമുക്കാൽ നാഴിക
കുട്ടിയൊടേററിട്ടധികം വാട്ടം
തട്ടി വിയർത്താൻ വീരതുരുഷ്കൻ!
"കഷ്ടം നമ്മൊട്ടു പോരാടുന്നൊരു
കുട്ടിയിവൻ ബഹു കട്ടിക്കാരൻ
തട്ടിപ്പില്ലാതിങ്ങനെ സമരം
നീട്ടിപ്പോയാൽ കോട്ടം തട്ടും"
താടിക്കാരനിവണ്ണം ചിന്തി-
ച്ചോടിയൊളിക്കാൻ തക്കം നോക്കി:
അയ്യനുമായതറിഞ്ഞു പതുക്കെ-
ക്കയ്യിലിരുന്നൊരു ചുരികയൊതുക്കി
അയ്യോ കഷ്ടമുരച്ചൊരു കൊള്ള-
ക്കയ്യനെ മാറിൽച്ചേർത്തു പുണർന്നാൻ. 556

"പേടിക്കേണ്ടാ നമ്മുടെ കയ്യാൽ
താടിക്കാരനൊരാപത്തണയാ
ഇസ്ലാമല്ലേ,യങ്ങയെ ഞാനൊ-
ന്നാശ്ലേഷിച്ചീടട്ടേ,യിനിമേൽ
നിസ്സംശയമങ്ങെന്നുടെയേട്ടൻ
കൊച്ചനിയൻ ഞാൻ വന്ദിക്കുന്നേൻ."

വർദ്ധിത കൗതുകമോടു തുരുഷ്കൻ
ശ്രദ്ധയോടേവം കേട്ടൊരു സമയം 564

തൊഴുകയ്യോടു മിഴിനീർ പര-
മൊഴുകും വിധ മോതീ:-
" പഴതായതുമില്ലെന്നുടെ
കൊടുതായൊരുകർമ്മം.
കടലിൽപ്പല കളവും ചില
കൊലയും ബത! ചെയ്തേൻ
അടരിൽപ്പൂരു ജയമാളുവ-
തിന്നുള്ളൊരു രസമാം
വിട നൽകരുതടിയൻ തവ
പദസേവകനിനിമേൽ
പടയും മമ പലതാം ധന-
ചയവും തവ തരുവൻ
അവിടന്നിനിയരുളുന്നവ-
യിവനും കരണീയം
ഭൂവി ഞാൻ പുകഴിയലും പടി
പല സേവകൾ ചെയ്യാം 572

അങ്ങയ്ക്കറിയാനായിട്ടെൻ കഥ
മങ്ങാതല്പം ചൊല്ലീടുന്നേൻ.
തക്രതിത്താനെന്നുള്ളൊരു നാട്ട-
ങ്ങവിടെത്താനേയെന്നുടെ പിറവി.
വാവരനെന്നാണെന്നുടെ നാമം
വളർകാലുണ്ടേ പിറവി മുതൽക്കേ.

KOTTAYAM PUBLIC LIBR[ARY]
KOTTAYAM.

നന്മ കലന്റൊരു പാത്തുമ്മാ താ–
നെന്നുടെയുമ്മാ, മമ്മത്തു ബാപ്പാ
ഏഴ്ഴ വയസ്സിലെഴുത്തിനിരുത്തി–
ക്കോഴ വെടിഞ്ഞു കുറാൻ ഖായ്യിച്ചേൻ.
പത്തു വയസ്സായപ്പോളായുധ–
വിദ്യകളെല്ലാമെന്റേതായി.
പത്തുമൊരെട്ടും പ്രായത്തിങ്കൽ
പാത്തൊരു ഗേഹം വിട്ടുപിരിഞ്ഞേൻ.
കടലിൽ കപ്പലിറക്കണമെന്നും
കടുതരകൃത്യം ചെയ്യണമെന്നും
കഠിനം! തോന്നിയെനിക്കായതിനായ്–
പ്പടുതയെഴും പല കൂട്ടരുമുണ്ടായ്.
വെള്ളത്തിങ്കൽത്തുള്ളിവരും പല
വെള്ളക്കാരുടെ നൗകകളെല്ലാം
കൊള്ളയടിച്ചും തീരത്തെത്തി–
ക്കൊള്ളാവുന്നവർ വീടു കവന്നും
ഭള്ളോടു വാണേനിതുവരെ; യിപ്പോൾ
ഉള്ളതു ചൊല്ലാം, നല്ലോനായി!” 596

പരിഭവമാകെപ്പോക്കും സുന്ദര–
തരമിഗ്ഗീരുകൾ കേട്ടൊരയ്യൻ
ഉരുഗുണശാലിയുരച്ചാ;–“നെന്നുടെ
ഗുരുവരനേ നീ വീരമനോഹര!
മരുവണമെന്നോടൊരുമിച്ചെന്നും
കരുതണമെന്നെത്തവ സോദരനായ്
പീവരദുരിതമഹോദഗ്ഗ്രം ഹേ
വാവര, വരഗുണ, ഭഞ്ജിച്ചിടുവാൻ

നാമിരുവരുമേ പോരും കേരള-
നാട്ടിതു നാകസമാനമതാകും
ഹിന്ദുക്കളുമാ മുസൽമാന്മാരും
സ്വന്തക്കാരാം സോദരരല്ലോ.
എന്തും ചെയ്യു മതത്തെച്ചൊല്ലി-
പ്പൊന്തും കൊടുതാമന്ധത പോക്കാം.
നാട്ടിൽ നടന്നിനി നമ്മൾക്കനെവധി
കൂട്ടം കൂടിക്കാട്ടുകൾ വെട്ടാം.
കാട്ടിൽക്കഴിയും ദുഷ്ടമൃഗത്തേ-
ക്കാട്ടിൽക്കൊടുമ കലർന്നോർ നാട്ടിൽ
ഒട്ടും വകതിരിവില്ലാത്തവരുടെ
മട്ടും മാതിരി മാററണം നാം." 616

മട്ടുമാറി.

അപ്പൊഴുതങ്ങകലെയുദ്ഭൂതം ശംഖനാദം
ചൊൽപ്പൊങ്ങും വാങ്കൊലിയുമൊപ്പമേ പൊങ്ങീ
വാനിൽ
പൊന്തീ നീലാകാശത്തിലന്തിക്കൊരിന്ദുകല;
പന്തിയിലപ്പോൾ വാനം പാലാഴിയായി മാറി.
സുന്ദരൻ തുരുഷ്കേശൻ തന്നുടെയുഷ്ണീഷവു-
മന്നേരം മിന്നീ നല്ലോരമ്പളിക്കീറിനാലേ.
അംഗജജനകനുമംഗജവൈരിതാനു-
മങ്ങനെയവരിലുമങ്ങെങ്ങുമൊന്നായ് നിന്നാർ. 624

വാവരുമൊത്താ രാജകുമാരൻ
വാരൊളി തിരളും ദേവകളെപ്പോൽ

ഓരോ നാട്ടിൽച്ചെന്നു ജനങ്ങൾ-
ക്കോരോ മട്ടിൽത്തുഷ്ടി കൊടുത്താൻ. 628
കള്ളു കുടിച്ചും ഭള്ളു നടിച്ചും
കൊള്ളരുതായ്മകൾ കാട്ടി നടന്നും
പിള്ളേർക്കിട്ടു പിടച്ചും തങ്ങടെ
തള്ളേത്തല്ലി നടക്കുന്നു ചിലർ.
കെട്ടിയ പെണ്ണിനു ചെലവിനു നൽകാ-
നൊട്ടുമപായം കണ്ടീടാതെ
കിട്ടിയ പൊരുളുകളെല്ലാം വിററി-
ട്ടൊട്ടൊരുനാളുകൾ പോക്കിപ്പിന്നെ
കട്ടു നടന്നും കഴുവിൽക്കേറും
കൂട്ടക്കാരായുണ്ടിഹ പലരും. 638
ഉദ്യോഗത്തിലിരിക്കും ചിലരുടെ
ധൂൎത്തുകൾ ചൊന്നാലതിരില്ലല്ലോ
തങ്ങടെ വർഗ്ഗക്കാർക്കും പിന്നെ-
പ്പെങ്ങടെ മക്കൾക്കായും മാത്രം
ഭംഗം കൂടാതെന്തും ചെയ്യാ-
നങ്ങത്തന്മാർക്കില്ലൊരു മടിയും.
ഗ്രന്ഥപ്പുര കാക്കുന്നൊരു മാന്യൻ
ഗ്രന്ഥം പലതു പഠിച്ചൊരു വിദ്വാൻ
തന്ത്രത്തിൽ പല വൈദികമാകും
മന്ത്രത്തിങ്കലതീവ വിദഗ്ദ്ധൻ
ഗ്രന്ഥപ്പുരയിലടിച്ചുതളിക്കായ്
സ്വന്തം വേലക്കാരിയെ വെച്ചാൻ.
ശമ്പളമമ്പതു ചക്രം മാസം
വമ്പൻ വീക്കി വരുന്നു പോലും ! 644

മറെറാരു വിദ്വാനോലക്കരണം
തെററാതങ്ങു പകൎത്തുന്നോനാം
തെററാതല്ലാതൊരു മൊഴിയിന്നാ-
ച്ചെററയ്യെഴുതാൻ കഴിവില്ലല്ലോ.
കട്ടപ്പൊന്നിൻ തകിടുകൾ വാങ്ങി-
ക്കൂട്ടിക്കള്ളക്കച്ചോടത്തിൽ
പെട്ടെന്നുണ്ടാക്കീട്ടും പണം; മതി-
ലൊട്ടേ പാടവമുണ്ടവനെന്നും.
കണ്ടവർ കണ്ടവരോടവനോതും
മന്ത്രികളെല്ലാം തന്നുടെ വീട്ടിൽ
ഭംഗമെഴാതെ വരുന്നുണ്ടെന്നും
സംഗതിയെല്ലാം ചൊല്ലുന്നെന്നും
അങ്ങനെയവരെക്കൊണ്ടു സമസ്തം
മങ്ങാതങ്ങു നടത്താമെന്നും! 658

അദ്വൈതത്തിൽക്കേമനൊരുത്തൻ
മുക്തിക്കുള്ളൊരു വഴിയോതുന്നോൻ
ഭക്തിയുമുണ്ടു് വിഭക്തിയുമേറും
സക്തി തനിക്കില്ലെന്നാം ഭാവം.
തക്കം നോക്കിയിരിക്കെച്ചെന്നാൾ
മുക്തിക്കുപദേശത്തിനൊരുത്തി
ഇപ്പോഴദ്വൈതത്തിനു മൂന്നായ്
മക്ക;ളിതിൽപ്പരമുണ്ടോ മുക്തി? 666

അമ്പത്തെട്ടു വയസ്സുകഴിഞ്ഞൊരു
ശുംഭൻ കണ്ണാടിത്തലയുള്ളോൻ
പെമ്പ്രന്നോരും മക്കളുമുള്ളോൻ
പെമ്പിള്ളേർക്കും പിള്ളകളുള്ളോൻ

പെൺപിള്ളേരെക്കണ്ടാൽമതിയവ-
നമ്പതുനൽകാനില്ലൊരു മടിയും.
തമ്പ്രാന്മാരു വിളിച്ചാൽപ്പോകാൻ
പെൺപിള്ളേർക്കും കുറവില്ലല്ലോ ! 674

ഇങ്ങനെയുള്ളവർ നാട്ടിലനേകം
തിങ്ങിപ്പാർപ്പുണ്ടവരെശ്ശരിയായ്
സന്മതിമാരാക്കീടാൻ വഴികള-
മമ്മതിമാന്മാരാലോചിച്ചാർ.
നാട്ടിൽക്കളരികൾ കൂട്ടിപ്പിന്നെ
കൂട്ടീ നല്ല ചെറുപ്പക്കാരെ
കളരിക്കൊരു പരദേവതയായൊരു
കാളിക്കായിപ്പൂജകൾ ചെയ്തും
കളവില്ലാത്തവിധം വ്രതചര്യക-
ളെല്ലതാക്കിക്കൊണ്ടല്ലാവരെയും
മനസാ വാചാ കർമ്മത്താലും
തരസാ നാട്ടിനു നന്മകൾ ചെയ്വാൻ
പല പലതുണ്ടായ്ത്തീർന്നൊരു കേരള-
തലമൊന്നാക്കാനൊന്നാംപടിയായ്
പല പല തുണ്ടായ്, ഫലമതിനുണ്ടായ്,
പലരു പയററിന്നുണ്ടായ്വന്നു.
ഉടലിന്നും പുനരുയിരിന്നും ഗുണ-
മുയരുന്നവ പലതുളവായല്ലോ. 692

നാട്ടും നഗരവുമെന്നല്ലാ മറു-
നാടാം പാണ്ടിയിലെങ്ങുമഭംഗം

മണികണ്ഠന്റെ മഹത്വമനല്പം
മണികിരണോജ്ജ്വലമായി വിളങ്ങീ.
പന്തളനരപതി ഗുണനിധി തന്നുടെ-
യന്തഃപുരമതിൽ മാത്രം പാർത്താൽ
അന്ധതയാലും മട്ടതിഭീകര-
മന്ധതമിസ്രാപൂരം പൊന്തി.
വെട്ടം വീശും നല്ല വിളക്കിൻ
ചോട്ടിലിരുട്ടു വരുന്നതു ഞായം. 702

പന്തളനാട്ടിൻ കാര്യക്കാരൻ
മന്ത്രി നിഗൂഢം മഹിഷിക്കരികിൽ
മന്ത്രിച്ചീടാൻ ചെന്നിട്ടിങ്ങനെ
മന്ദസ്വരം പൂണ്ടുരചെയ്താൻ :- 706

"അടിയന്തിരമാം വാർത്തയതൊന്നു-
ണ്ടടിയനുണർത്താനുത്തമശീലേ!
അറിയാത്തൊന്നല്ലിവിടെയ്ക്കെങ്കിലു-
മറിവില്ലാതിവനൊരു പിഴ വന്നാൽ
അഖിലം ദേവി പൊറുത്തീടേണം;
സഹിയാത്തതിനാൽ ചൊല്ലുവതാണേ." 712

മന്ത്രിവരൻ തൻ വാക്കുകൾ കേട്ടി-
ട്ടന്തസ്താപത്തോടവൾ ചൊന്നാൾ :-
"എന്തെന്നാകിലുമിപ്പോളെന്നോടു
സന്ദേഹം വിട്ടുരചെയ്താലും."
ചൊന്നാൻ മന്ത്രി:-"മനസ്സിന്നുണ്ടതി-
ഖിന്നതയിവിടത്തെക്കഥയൊക്കെ
മണികണ്ഠൻതൻ കഥയറിയാമോ?"

"മണികണ്ഠൻ മമ മകനാണല്ലോ"
"പെററുപിറന്നൊരു മകനല്ലല്ലോ."
"പേററിൻനോവു തരാത്തോനല്ലോ."
"കുലമേതെന്നാണെന്നറിയാമോ?"
"കുലമോ ഗുണമോ നോക്കേണ്ടതു നാം?"
"ഇന്നലെയരചൻ ചൊന്നതറിഞ്ഞോ?"
"എന്നോടൊന്നും ചൊല്ലീലല്ലോ."
"ഇവിടത്തോടുമുരച്ചീലെന്നോ?"
"ഈയുള്ളോർക്കതുമറിയേണ്ടന്നാം."
"അറിയിക്കാതതു ചെയ്തീടാമോ?"
"അറിയിക്കുമ്പൊഴുതറിയാമല്ലോ."
"എന്നാലവിടേയ്ക്കാപത്തായീ."
"ചൊന്നാലറിയാമാപത്തിൻകഥ"
"മന്നൻ മണികണ്ഠന്നായ് നൽകീ
മന്നിട,മവിടേയ്ക്കാശ്രയമററു."

"മണികണ്ഠന്നീമന്നിടമായാൽ
മതി, ഞാനെങ്കിൽ ഭാഗ്യമിയന്നോൾ."
"മതി മതി ഭാഗ്യവിചാരം, മറവൻ
മതിയോ നമ്മുടെ നാടുഭരിപ്പാൻ ?"
"മറവപ്പെണ്ണിൻ മകനാണെങ്കിൽ
മാനക്കേടായ് മന്ത്രിപ്രവരാ."
"മറവത്തിക്കു പിറന്നോൻതന്നെ;
മറവന്മാരീ നാടുനിറഞ്ഞു."

"മന്നവനിക്കഥയറിയില്ലെന്നോ?"
"മന്നവനല്ലോ മുന്നമറിഞ്ഞു !"
"മറവക്കഥ മറവാക്കാനെന്തേ?"
"മറയോന്മാരെപ്പേടിച്ചാവാം."
"വംശത്തിന്നു കളങ്കം വല്യതായ്
വന്നതു മാററാനെന്തൊരുപായം?"
"കാട്ടിൽക്കിട്ടിയ മറവച്ചെക്കൻ
കാട്ടിൽപ്പോയിത്തുലയുകവേണം."
"കാട്ടിലയച്ചു തുലയ്ക്കാനൊരുവഴി
കാട്ടിത്തരുമോ കാര്യക്കാരേ?"
"കാര്യം കാണണമെന്നാലിത്തിരി
കള്ളത്തരമേ കാട്ടുകവേണം."
"കള്ളം കാട്ടും കൂട്ടരൊടിപ്പോൾ
കള്ളത്തരമേ പററത്തുള്ളു."
"എന്നാൽപ്പറയാ,മവിടന്നിപ്പോൾ
ചെന്നു കിടക്കണമാലസ്യത്തിൽ.
ശൂല പിടിച്ചൊരു നോവു നടിച്ചാൽ
ശീലക്കേടാം ശീലായ്മയുമാം."
"ശീലക്കേടു നടിക്കാം കാര്യം
ശേലാക്കാമോ കാര്യക്കാരേ?"
"ചേലായ് പിന്നെക്കാര്യം മുഴുവൻ
ചേലാക്കാമിക്കാര്യക്കാരൻ." 764

മട്ടുമാറി.

മഹിഷിയഥ മലിനതരമാനസം പൂണ്ടഹോ
മന്ദേതരം തന്മണിയറ പൂകിനാൾ.
കുടിലകുളിർ കുന്തളം കെട്ടഴിച്ചങ്ങനെ
കുസുമനിര മെത്തയിൽച്ചിന്നുമാറങ്ങനെ
നിടിലതടകുങ്കുമം മായ്ച്ചൊളി തിങ്ങിന
നീലാഞ്ജനരമ്യലോചനം ചെങ്ങിയും
തടമുലകൾ നീട്ടററ വീർപ്പിനാൽപ്പൊങ്ങിയും
താഴ്വയർ താമരക്കയ്യാലമർത്തിയും
ഇടയിലിടർ തടവിയതി ദീനമായ് മൂളിയു-
മില്ലാത്ത നോവിനാലീറ ഭാവിക്കയും
ശരദമലശുഭ്രാഭ്രകല്പതല്പത്തിലാ-
ശ്ശാരദ ചന്ദ്രക്കല പിടഞ്ഞീടിനാൾ. 776

സഖികൾവഴി മഹിഷിയുടെയാലസ്യവാർത്തകൾ
സങ്കടമാമ്മാറു കേട്ടോരു മന്നനും
സവിധമതിലതിരഭസമെത്തിയോരോതരം
സാന്ത്വനവാക്കുകൾ ചൊല്ലിനിന്നീടിനാൻ.
അതുപൊഴുതു സചിവവരവാക്യത്തിനാൽ വന്നൊ-
രത്യന്തദുഷ്ടനാം കൊട്ടാരവൈദ്യനും
ചതുരതരമവശനില കരുതുമൊരു റാണിക്കു
ചാർത്തെഴുതീടുവാനോർത്തു ചൊല്ലീടിനാൻ:- 784

"തിരുവുള്ളക്കേട്ടുണ്ടാവരുതി-
ത്തിരുവയർനോവൊരു നോവേ വേറാം
കരുതിന പോലല്ലിതിനു നിനച്ചാ-
ലരിമയെഴും ചിലതൊപ്പിക്കേണം.

പച്ചമരുന്നുകളായിപ്പലവക
വച്ചൊരു നല്ല കഷായം വേണ്ടാ.

പച്ചോററീ ചിററമൃതും പാണൽ
തെച്ചിക്കുള്ളൊരു വേരും കൊട്ടം
കുടകപ്പാലരി മാശിയരത്താ
കൊടവൻ തിപ്പലി കച്ചോരത്തൊലി
അതിവടയം പുനരകിലും, ചന്ദന-
മതിമധുരം വാൽമുളകും കായം
ഇങ്ങനെയുള്ള മരുന്നുകളൊന്നും
നമ്മൾക്കന്വേഷിക്കുക വേണ്ടാ.
ഗുളികച്ചെപ്പു തുറന്നതിലുള്ളൊരു
ഗുളികയ്ക്കൊളതല്ലീ നോവാററാൻ.

ചൊല്ലാനുണ്ടേയടിയനു വിഷമം;
ചൊല്ലാതായതു കിട്ടാനെളുതോ?
ഈററപ്പുലിയുടെ ചുടുപാൽ നാഴി-
ക്കിത്തിരിപോലും കുറയാതിപ്പോൾ
ഇത്തിരുമേനിക്കങ്ങു കൊടുത്താ-
ലിപ്പോളീ നോവററേ പോകും."

വിട്ടാറാത്തൊരു രോഗത്തിന്നിഹ
കിട്ടാതുള്ളോരൗഷധമെന്നോ ?
കൊട്ടാരത്തിൽ പ്പെട്ടവരിക്കഥ
കേട്ടവരെല്ലാം ഞെട്ടിപ്പോയി !

ഈററപ്പുലിയുടെ പാലു കറക്കാ-
നൂററമെഴുന്നോരാരീ നാട്ടിൽ ?

നാഴിപ്പാലു കറക്കാനിന്നൊരു
നായാടിക്കും കഴിവുണ്ടാമോ ?
"നായാടികളായ് പണ്ടു നടന്നൊരു
നായന്മാരുടെ വർഗ്ഗം മുഴുവൻ
വായാടികളായ് വീടുകൾ തോറും
തായാടാനായ് പ്പോകുന്നോരായ് !
ആരുണ്ടിപ്പോൾ കാട്ടിൽപ്പോയീ-
ക്കാര്യം നേടാ" നെന്നൊരു വാക്യം
കാര്യക്കാരൻ ഗൗരവപൂർവം
നേരേ ചോദിച്ചപ്പൊഴുതുടനേ
"ഈററപ്പുലിയെക്കൊണ്ടുവരാനി-
ന്നേററം പോന്നോനീയുള്ളവനേ"
മണികണ്ഠൻ താൻ മന്ത്രിയൊടേവം
മണിനാദംപോലോതി മറഞ്ഞാൻ.
ആയതു കണ്ടവരെല്ലാപേരും
പേയാം രാജകുമാരന്നെന്നാർ. 828

ഈററപ്പുലിയെക്കുഞ്ഞൻകൂട്ടി-
പ്പററത്തോടേ കൊണ്ടിഹ പോരാൻ
ഊററത്തോടു നടക്കും പന്തള-
ച്ചിററരചൻ തിരുമേനിയെയപ്പോൾ
തെരുവുകൾതോറും കൂടിനിറഞ്ഞൊരു
പുരുഷാരം കണ്ടത്ഭുതപൂർവം
തെരുതെരെയോരോന്നോർത്തുപറഞ്ഞാർ
പുരുഷോത്തമനെക്കൊണ്ടതിമോദം. 836

"ആരും തുണയില്ലാതൊററയ്ക്കീ-
വീരൻ കാട്ടിൽപ്പോവതു ചിതമോ?

നമ്മളുമൊപ്പം പോയീടാമേ
സമ്മതമെന്നാൽ വരുവിൻ വേഗം."

വാളും പരിചയുമീട്ടീ കുന്തം
നീളമെഴുന്നൊരു തോട്ടീ ചവളം
പിച്ചാംകത്തി കഠാര കട്ടത്തില
മെച്ചമെഴുന്നോരമ്പും വില്ലും
ആയുധമിങ്ങനെ പലതുമെടുത്തി-
ട്ടായവരെല്ലാം യാത്ര തുടർന്നാർ.
പിന്നാലേ പല പുരുഷാരങ്ങൾ
തന്നോടൊപ്പം വരുവതു കാൺകെ
നിന്നു തിരിഞ്ഞിട്ടിങ്ങനെയയ്യൻ
ചൊന്നാനവരോടാദരപൂർവ്വം :-

"കാട്ടിൽ ജനിച്ചോരെനിക്കിന്നാരും
കൂട്ടിന്നായി വരേണ്ടാ കൂടെ
നാട്ടാരായൊരു നിങ്ങൾക്കെല്ലാം
കാട്ടാം കാട്ടുമൃഗത്തിൻ മേന്മ."
ചെന്നവരെല്ലാം മൂക്കിൽ കൈയ്‌വെ-
ച്ചങ്ങനെ നിന്നാർ മൂകന്മാരായ് !

ഇളവരചൻ മണികണ്ഠൻ തെല്ലു-
മിളയ്ക്കാതേ നട കൊണ്ടാനല്ലോ.
മറെറാരു തെരുവിൽ ച്ചെന്നപ്പോഴൊരു
കററക്കാറണി വേണീമണിയാൾ
തെററന്നങ്ങു കുമാരൻ പിന്നിൽ
പററിക്കൂടീ പത്മവിലോചന,

പന്തളനരപതി സുതനന്നേരം
പന്തണിമുലയാളോടുരചെയ്താൻ :-
" എന്തിനു സുന്ദരി യെന്നോടൊപ്പം
കുന്തിക്കുന്തി വരുന്നതു നീയും? "
" എങ്ങോട്ടാണീ ബദ്ധപ്പെട്ടി-
ട്ടങ്ങോട്ടുന്നതു ചൊല്ലീടേണം. "
" ഈററപ്പുലിയെ ക്കൊണ്ടുവരാനായ്
കാട്ടിൽപ്പോയീടുന്നേനിപ്പോൾ. "
" പുലിയെന്നാലിന്നെന്തൊരു വസ്തുവ-
തിളവരചൻ നീയുരചെയ്യേണം. "
"പുലിയറിയാത്തൊരു നിന്നോടിപ്പോൾ
പലതും ചൊല്ലാനിടയില്ലാമേ."
"വലിയൊരു നായോ കിളിയോ വേപ്പിൻ
തൊലിയോ പുലിയെന്നറിവീലല്ലോ."
"വലിയൊരു നായാം കിളിയാം വേപ്പിൻ
തൊലിയാം പുലിയെന്നറിയിക്കാം ഞാൻ."
"കാട്ടിൽപ്പുലിയെക്കാണാൻ പോകെ-
ക്കൂട്ടിനു ഞാനും പോരാമല്ലോ."
"കാട്ടിൽപ്പോന്നാൽക്കാമിനി, നിന്നെ
ക്കാട്ടികൾ വെട്ടിക്കൊന്നെന്നാലോ?"
"കാട്ടിൽപ്പോകും നിൻപുരികത്തേ-
ക്കാട്ടിൽക്കൊടിയവയല്ലവയൊന്നും."
"കുട്ടിപ്പെണ്ണേ പോരും നിന്നുടെ
തട്ടിപ്പെന്നോടൊട്ടും കൂടാ."
"കുട്ടിക്കാമൻ നിന്മനമെന്തേ
കട്ടിപിടിപ്പാനിങ്ങനെ കഷ്ടം!"

“ആട്ടം പാട്ടുകളുള്ളൊരു നിന്നോ-
ടൊട്ടും കനിവുകൾ കാട്ടാ ഞാനും.”
“ആട്ടേ, കാണാമിപ്പോൾ നീയെൻ
പാട്ടിലകപ്പെട്ടീടും നൂനം.”

സാരി.

മന്ഥരഗാമിനീമണിസുന്ദരിയന്നേരം
ബന്ധുരഗാത്രനാം മണികണ്ഠൻ മുന്നിൽ നിന്നാൾ.
കുന്ദസൂനസുന്ദരമായ് മന്ദസ്മേരം ചെയ്തു
കുന്ദബാണവിവശയായ് നിന്നാളല്ലോ.
പന്തിടഞ്ഞ കുചങ്ങളും ബന്ധൂകാധരവും
ചിന്തിവീണ കുന്തളത്തിൻ ചന്തത്തോടും
പന്തിയായിച്ചിന്തു പാടിയാടിയവളപ്പോൾ
തന്തിരുമേനി പുണരാൻ ചെന്നു മെല്ലേ. 900

മട്ടുമാറി.

കുട്ടിക്കുരംഗമിഴി പെട്ടെന്നട്ടത്തനേരം
കുട്ടിത്തമ്പുരാനിടി വെട്ടിടും നാദത്തോടെ
പെട്ടെന്നു തൻചുരിക നീട്ടി വലിക്കെ മിന്നൽ
തട്ടിയ പെൺപാമ്പുപോൽ ഞെട്ടിപ്പിടഞ്ഞാളവൾ:
മട്ടോലും മൊഴിയവൾ മട്ടൊക്കെ മാറി, നിലം
പെട്ടോലും മിഴി നീരിലൊട്ടേവം ചൊന്നാളല്ലോ:-906

രാഗം—മോഹനം. താളം—ആദി.

“പാഹിമാം രാജന്യസൂനോ—മായാ-
മോഹിനീതാമസ ഭാനോ

ദേഹി കൃപാസാരം ഞാനോ—ഭവ-
ഹരണമാം ചരണാംബുജം തവ
ശരണം വരമേകണം ഭവാൻ
—പാഹിമാം......

പാപിനിയായ ഞാൻ പാടീ—പല
പാവകളാണുങ്ങളാടീ
പാടീരസുന്ദരവാടി—കളിൽ
പലതരം മദിരാരസം പര-
മാടിനേൻ ചതി കൂടിനേനിവൾ
—പാഹിമാം......

കാരുണ്യക്കാതലേ നിന്നെ—ക്കണ്ടേൻ
കാമവിവശയായ്ത്തന്നേ
കാലുഷ്യത്തോടിങ്ങു വന്നേ—നിനി-
ക്കലിമലം മമതാവിലം ജല-
മേളിതാഗ്നി സമാനമായലം
—പാഹിമാം...... 924

"മങ്കേ, നിന്നുടെ മനതാരിങ്കൽ
സങ്കടമുണ്ടായെന്നാൽ നന്നായ്
പങ്കിലമാമൊരു വാഴ്ച വെടിഞ്ഞി-
ട്ടെൻ കുലദേവതയാം ശാസ്താവിൻ
പങ്കജ സുന്ദര പാദ സ്മരണം
നിങ്കലുദിച്ചു വസിച്ചീടുക നീ." 930

മണികണ്ഠൻതൻ മധുര വചസ്സുക-
ളലിവോടങ്ങനെ കേൾക്കെക്കാമിനി
മണിഹാരങ്ങൾ വെടിഞ്ഞാൾ തന്നുടെ
മണിമാളികയോടൊപ്പം തന്നെ.

മററൊരു വാക്കു മുരച്ചീടാത-
ക്കററക്കാർ മുടിയാളൊരു കാട്ടിൽ
ഒററയ്ക്കാശ്രമവാസം ചെയ്വാൻ
തെറെറന്നങ്ങു ഗമിച്ചാളല്ലോ. 938

അയ്യൻ മലയിൽക്കേറി ക്കാടുകളും
പയ്യെയൊന്നു തിരഞ്ഞാനല്ലോ.
ഈററപ്പുലിയെ ക്കാണാനയ്യൻ
നോററു നടന്നതു പാഴായെന്നോ ?
ഏററവുമങ്ങു തിരഞ്ഞു നടന്നി-
ട്ടററം പോയൊരു ഭാവം പൂണ്ടാൻ.
ചെററു കഴിഞ്ഞപ്പോളക്കാട്ടിലൊ-
രററത്തൊററയ്ക്കൊരു മലവേടൻ
നെററിക്കണ്ണൻ പരമേശ്വരനാം
കററച്ചിടയോനെന്നാ കണക്കേ
മുററും തന്നുടെയുടലു പുലിത്തോൽ
ചുററി ബ്ഭസ്മക്കുറികളണിഞ്ഞും
ചുററും നില്ക്കും കാട്ടുമൃഗത്തിൻ
പററത്തോടു രസിപ്പതു കണ്ടാൻ. 952

ചെന്നു വഴിക്കേ രാജകുമാരൻ
ചൊന്നാനാ മലവേടനൊടേവം :-
"ധന്യോഹം തവ ദർശനഭാഗ്യ-
ത്തിന്നീയുള്ളോൻ നീളെയലഞ്ഞേൻ.
ഇന്നേവം പുനരിങ്ങനെ കാണ്മാൻ
വന്നു സംഗതി വരഗുണധാമൻ !" 958

അപ്പോൾ പുഞ്ചിരി തൂകിയുരച്ചാ :-
"നിപ്പോളെന്നാല്ലെപ്പൊഴുതും ഞാൻ
അത്ഭുതബല, തവ സാഹ്യത്തിന്നാ-
യുൽക്കടമോദം വാഴുന്നേനിഹ.
വന്നൊരു ഹേതുവറിഞ്ഞേൻ, സചിവൻ
തന്നുടെ മദമാററീടുക നീയും.
മഹിഷിക്കുള്ളൊരു നോവിൻമൂലം
മലിനത പൂണ്ട മനസ്സിൻ ഭാവം.
മഹിഷീമദവും മാറും നീയീ-
നിമിഷം പുലികളുമൊത്തു ഗമിക്ക." 968

ചമ്പതാളം.

ഉടനേയെത്തീ കരിമ്പുലി
കടുവാകളുമനവധി.
ഒരുവൻ തൻ പുറമേറി
യിരുന്നല്ലോ മണികണ്ഠൻ.
കൊട്ടതായിട്ടവ ചീറി-
നടന്നല്ലോ കൊട്ടം കാട്ടിൽ.
ജനവാസ സ്ഥലമെത്തീ
ജനമെല്ലാമുടൻ ഞെട്ടീ. 976

മട്ടമാറി.

അകലെ ജനമധികതര ഭയചകിതരായുട-
നത്ഭുതാകാരനെക്കണ്ടു കൈ കൂപ്പിനാർ.
"ശബരിഗിരി നിലയമതിലൊളി തിരളുമാനന്ദ-
ശാന്തിസ്വരൂപനാം സച്ചിന്മയപ്രഭോ !

ശരണമിഹ തവചരണമഹിതജനഭീകരാ!
സൌമ്യമായ്ത്തീർക്കണമീ രൂപമിപ്പൊഴേ.
ഇടിനിനദമിടയുമതി രൌദ്രാട്ടഹാസങ്ങ-
ളിങ്ങനെ കേൾപ്പിക്കുമാറാക്കൊലാ ഭവാൻ.
ശരണമിഹ തവചരണ മഹിതജനഭീകരാ
സൌമ്യമായ്ത്തീർക്കണമീ രൂപമയ്യനേ. 986

കാട്ടിന്നുള്ളിൽ നിന്നു കരിമ്പുലി
കൂട്ടം കൂടി വരുന്നതു കാൺകെ
പാട്ടും പാടിത്തെരുവിൽ നടന്നൊരു
കൂട്ടം പാഞ്ഞു തുടങ്ങീതെങ്ങും.
കച്ചോടക്കാർ കടകളടച്ചു
മച്ചിന്നുള്ളിൽ ക്കേറിയൊളിച്ചു.
അച്ചികളോടു രസിച്ചു വസിച്ചോ-
രോച്ചന്മാരും പാച്ചിൽ തുടങ്ങീ.
കെട്ടും മാറാപ്പോടു നടന്നൊരു
പട്ടന്മാരവർ കുട്ടികളേയും
കെട്ട്യോരമ്മ്യാമ്മാരെയുമെങ്ങോ
വിട്ടുമറഞ്ഞാൻ തട്ടിൻമുകളിൽ.
നായാട്ടിങ്കൽപ്പോന്നൊരു കേമൻ
നായരു, പുലികൾ വരുന്നതു കാൺകെ
പായചുരുട്ടിക്കോണിൽക്കേറി-
ക്കായം മൂടി ക്കുനിയിരിപ്പായ്. 1002

അരമനമുററത്തെത്തീ പുലികൾ;
കരുമനയായീ കണ്ടോർക്കെല്ലാം.

കുടിലാശയനാം മന്ത്രിക്കുള്ളൊരു
കുടവയർ 'തദ്ധിമിധിത്തോ'മെന്നായ്.
കിട്ടുകിടെ വിറയാർന്നുള്ളൊരരയാള-
ങ്ങടിമുടി വേർത്തിട്ടയ്യം വിളിയായ്. 1008

"അയ്യോ തെററിപ്പോയേയടിയന്നു
വയ്യേ, പുലിയെ വിലക്കീടേണേ.
പൊയ്യേ ചൊന്നേൻ വൈദ്യൻമൂലം
ചെയ്യേൻ പിഴയിതു മാപ്പരുളേണം.
അയ്യൻ തിരുവടി തന്നേ ശരണം
വയ്യേ, പുലിയെ വിലക്കീടേണം." 1014

ഓടിയലച്ചൊരു കോണിൽ കണ്ണുകൾ
മൂടിയൊളിച്ചൊരു വൈദ്യന്മുന്നിൽ
പേടിപ്പെട്ടുമാമ്മാറൊരു പെൺപുലി
ചാടിച്ചീറിച്ചെന്നു ചടുലം
വാലു ചുഴററിക്കണ്ണു മുരുട്ടി-
ക്കാലിൻ പത്തിയുയർത്തിപ്പുലിയും
വൈദ്യൻ തന്നുടൽ തോണ്ടിയെറിഞ്ഞു;
വൈദ്യനുമപ്പോൾ മോക്ഷമടഞ്ഞു! 1022

മന്ത്രിപ്രവരൻ തൻവയർ മാന്തീ-
ട്ടാന്ത്രക്കുടലു കടിച്ചഥ ചീന്തി.
അന്തഃപുരമതിലോടിക്കേറി-
പ്പന്തള മഹിഷിക്കരികിൽ ചെന്നൊരു
പെൺപുലിയവളുടെ തലമുടി ചുററീ-
ട്ടമ്പതു ചുററുകൾ ചുററിച്ചപ്പോൾ

പെണ്ണപ്പെന്നോർക്കണ്ടായീ ബോധം
സമ്പ്രതിമകനെച്ചൊല്ലി വിളിച്ചാൻ 1030

കണ്ടാരം.

"മകനേ, മമ മണികണ്ഠാ നിന്നോ-
ടകമേ ക്രൂരല്ലാതില്ലല്ലോ.
വകതിരിവില്ലാതിവളാ മന്ത്രി-
ക്കിതവൻ തന്നുടെ വലയിൽപ്പെട്ടേൻ.
പുലിയെക്കൊണ്ടെൻ തലമുടി ചുററി-
പ്പലവുരുവെന്നെത്തിരിയിച്ചാലും
കൊലചെയ്താലും ചെയ്തൊരു പാപം
നിലയററൊന്നാണെന്നേ ചൊല്ലാം." 1038

മന്നവനപ്പോൾ മണികണ്ഠൻ തൻ-
സുന്ദരവദനം നോക്കിയുരച്ചാൻ :-
"അറിയാതിന്നിവൾ ചെയ്തൊരു പിഴയെ-
ന്നരുമപ്പെതൽ പൊറുത്തീടേണം."
അപ്പോൾ ചൊന്നാനയ്യൻ "നിശ്ചയ-
മഛനുരച്ചാലാ നിമിഷത്തിൽ
അമ്മയെ വിട്ടീപ്പുലി പോയീടും
നമ്മുടെ കുലദൈവത്തിൻ പേരിൽ." 1046

നരപതിയുടനേ കണ്ണുമടച്ച-
പ്പുരദേവതയെദ്ധ്യാനം ചെയ്താൻ.
പിന്നെക്കണ്ണു തുറന്നൊരു നേരം
മുന്നിൽക്കണ്ടാൻ മറെറാരു രൂപം :
പുരിജട തലയിൽ, ബ്ഭസ്മം നെററിയി,-
ലരിയൊരു മാന്തോൽ മാറിലണിഞ്ഞും,

പുലിയുടെ തോലരയിങ്കൽ ചുററി-
ക്കലിതാനന്ദം ചെറുചിരി തൂകി.
ചൊന്നാനപ്പോൾ യോഗി :- "ഭവാനോ-
ടൊന്നോതീടാം പരമരഹസ്യം.
മുന്നേതന്നേ നിന്നുടെ സുതനുടെ
ജന്മരഹസ്യം ചൊന്നോൻ ഞാനാം.
ഇന്നിനി മററൊന്നോതാം നിന്നുടെ
യുന്നതവംശജനീ യുവനൃവരൻ.
മുന്നം പടയിൽത്താവകസോദരി
സുന്ദരി മായാദേവി വനാന്തം
തന്നിലലഞ്ഞു നടന്നാ,ളന്നാ-
ളെന്നുടെ ജായാപദമേററല്ലോ.
ഞങ്ങൾക്കന്നു പിറന്ന കുമാരക-
നംഗജസുന്ദരനീ മണികണ്ഠൻ.
ശ്രീശബരീശകൃപാഭാജനമീ-
ശ്രീപതിതുല്യൻ രാജകുമാരൻ
കേരളദേശമശേഷം കലിയുടെ
കേടുകളാററിസ്സംരക്ഷിക്കാൻ
അവതാരത്തെപ്പൂണ്ടാനയ്യൻ
തവസേവനമിന്നതിനായ്ക്കൊണ്ടാൻ.
അതിനാലിനിയുടനാവരലക്ഷ്യം
പ്രതി, സമ്പ്രതി ചെയ്തീടുക യത്നം." 1074
അത്ഭുതതമമാമക്കഥകേട്ടി-
ട്ടുൾപ്പുളകാംഗമുരച്ചാൻ മന്നൻ :-
"ചൊന്നതുപോലേ ചെയ്യാ,മെന്നാ-
ലൊന്നിനിയറിയാൻ കൗതുകമുണ്ടു്.

ഇന്ദുകലാധരസമനാമവിട-
ന്നിന്നാരെന്നതുമറിയിക്കേണം."
"ഞാനോ ? ഞാനൊരു ശൈവൻ, ഭുവനം
താനേയെന്നുടെ സ്വന്തം ഭവനം.
ഞാനേകാന്തത തന്നിലിരിപ്പോൻ
താനേ, കാന്തയുമങ്ങനെതന്നെ.
പൊന്നമ്പലമലയടിവാരത്തിൽ-
ച്ചെന്നൊരു ഗുഹയിലിരിപ്പു ഞങ്ങൾ.
ഇന്നുമുതൽക്കൊരു നാല്പത്തൊന്നി-
ന്നന്നു ഭവാൻ പരിവാരസമേതം
വന്നീടേണം ശബരിഗിരീശ്വര-
സന്നിധിതന്നിൽ ദർശിപ്പാനായ്.
അന്നവിടത്തിൽക്കാണാം ഞങ്ങളെ ;
മന്നവ ! മററൊന്നിനിയും പറയാം
ഇന്നിക്കേരളഭൂവിനൊരുന്നതി
വന്നു ഭവിക്കണമെന്നാലിപ്പോൾ
ഇന്നുമുതൽക്കൊരു നാല്പത്തൊന്നി-
ന്നന്നുവരേയ്ക്കീ നാട്ടാരാകെ
നന്നായ് വ്രതചര്യാദികൾ നോററി-
ട്ടൊന്നായ് സന്നിധി പൂകീടേണം;
ഹരിഹരസുതനെത്തന്നേ ശരണം
പരിചിൽ പ്രാപിക്കേണമദീനം
നാരീസംഗം വർജ്ജിക്കേണം
നലമൊടു പൂജാദികൾ ചെയ്യേണം
ജാതിമതാദികൾ ചിന്തിക്കാതൊരു
ജാതിയുമൊരുമതമെന്നുനിനച്ചും

വാവരെയും പരിവാരത്തേയും
പാവനരായിക്കരുതിക്കൊണ്ടും
കള്ളക്കച്ചോടക്കാർ കൂട്ടം
കള്ളു കുടിക്കുന്നോരുടെ കൂട്ടം
ഭള്ളു നടിക്കുന്നോരുടെ മട്ടും
കൊള്ളാതൊററക്കെട്ടായ്പ്പോണം. 1110
മകരം രാശിലേക്കാദിത്യൻ
പകരും ശുഭകരവേളയിൽ വേണം
സകലരുമെത്തിശ്ശബരീശ്വരനാം
സർവ്വേശ്വരനെ ബ്ഭജനം ചെയ്‌വാൻ.
അന്നോയ്യേത്താം ഞാനും യോഗിനി-
യമ്മയുമൊത്തസ്സന്നിധിയിങ്കൽ.
മാളികയൊന്നുണ്ടവിടെയിരുന്നൊരു
മാലിക മകനെച്ചാർത്തും യോഗിനി
അന്നു കുമാരൻ മണികണ്ഠൻ തൻ-
ജന്മത്തിനു വരും സാഫല്യം." 1120
ഇങ്ങനെയോതിട്ടിവ്യൻ യോഗിയു-
മങ്ങു മറഞ്ഞോൻ, പന്തളനൃപനോ
മംഗലകരമാമിക്കഥ കേട്ടി-
ട്ടങ്ങനെചെയ്യാനാജ്ഞ കൊടുത്താൻ. 1124
നാട്ടിൽപ്പെട്ടവരെല്ലാപേരും
നാല്പത്തൊന്നിനു മല കേറീടാൻ
നല്ല കലർന്നൊരു ചിത്തത്തോടേ
കല്പന കേട്ടു പുറപ്പെട്ടല്ലോ. 1128

വൃത്തഭേദം.

എല്ലാരുമൊത്തൊരുമേലിയിലെത്തി
ഇരുമുടികളെഴമരിയ കെട്ടുമേന്തീയവർ
വാവരുമയ്യനമങ്ങെഴുന്നെള്ളീ
വരഗുണികൾ വിമലരവരോതീ വഴികളും
പമ്പയിൽച്ചെന്നവർ തീർത്ഥവുമാടി
പകലിരവുമലകളവർ താണ്ടി നടന്നുപോയ്
കാട്ടാന കൂട്ടമായ്പ്പോവതു കണ്ടു
കഠിനരവമുടയ പുലികുലവുമവർ കണ്ടു
കാടുകൾ തിങ്ങിയ മേടുകൾ കണ്ടു
കരിമലയിലുയരുമൊരു ശൃംഗങ്ങൾ കണ്ടു
കല്യ ശബരിമലയവർ കണ്ടു
കനകമയ ഗിരിശിഖര കാന്തിയും കണ്ടു
കല്യാണ ധാമ നിലയനം കണ്ടു
കലിതരസമവരധിക ഭക്തിയിലാണ്ടു 1142

മട്ടുമാറി.

പതിനെട്ടാം പടികേറിഗ്ഗുണതതി-
പതി തൻതിരുമുമ്പെത്തിക്കൊണ്ടാർ
പതിതാവന പരദേവനെയുള്ളിൽ-
പ്പതിയും ഭക്തിയൊടിങ്ങനെ വാഴ്ത്തീ 1146

മദ്ധ്യമാവതി.

“ഹരിഹരസുത ! തവ തിരുവടി ശരണം
പരിപാലയ മാം! കരുണാജലധേ !
പുരജന പാലകനയ്യൻ നീയേ
പുരഹരദേവൻ തനയൻ നീയേ

ഹരിയുടെ തിരുമകനായോൻ നീയേ
കരിമുഖ ഷൺമുഖ സഹജൻ നീയേ
മഹിഷീമർദ്ദകനായോൻ നീയേ
മായാദേവീ മകനും നീയേ
ശൗദ്ധോദനിയാം ശാസ്താ നീയേ
ബൗദ്ധന്മാർക്കാരാദ്ധ്യൻ നീയേ
വേട്ടയ്ക്കൊരുമകനായതു നീയേ
വേട്ടക്കാർക്കൊരു ദേവത നീയേ
ശനിദോഷത്തിനു ദൂഷകനേ നീ
ശമിതാഖിലഖലകോലാഹലനേ
മതകൃതമദഹര! മമ താപം ഹര!
മനസിജസുന്ദര! മമതാം ഹര! ഹര!
അംഗജഹരസുതമഹിമാരംഗം
മംഗലമിക്കഥ കഥനം ചെയ്യേൻ
മംഗലമിക്കഥ കേൾക്കുന്നോർക്കും
മംഗലമനവധി വന്നു ഭവിക്കും. 1166

ശുഭം.

AM PUBLIC LIBRARY
KOT M.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA6 Acc. No. 12041

This book should be returned on or before the date last stamped below.

If the book is not returned on due date

MAG 12041
NAY-5

നായർ സസ്. ൈത
ശ്രീ മന്നത്തുവിജയം